# വർഗ്ഗസമരവും ദേശീയ ഐക്യത്തിന്റെ പ്രശ്നങ്ങളും

320-954
VAR

കമ്യൂണിസ്റ്റ്പാർട്ടി ഓഫ് ഇന്ത്യ
(മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 2.50 രൂപ

അച്ചടി പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിംഗ് & പബ്ലിഷിംഗ്
കമ്പനി പ്രൈ. ലി., ദേശാഭിമാനി റോഡ്, തിരുവനന്തപുരം - 1

J709

# ആമുഖം

1992ലും 1994ലും നടത്തപ്പെട്ട കേന്ദ്രപാർടി സ്കൂളുകളിലെ പഠനക്കുറിപ്പുകളെ ആധാരമാക്കി തയ്യാറാക്കപ്പെട്ട പാർടി വിദ്യാഭ്യാസപരമ്പരയിലെ മൂന്നാമത്തെ പ്രസിദ്ധീകരണമാണ് ഇത്.

1994ലെ സ്കൂളിൽ നൽകിയ "വർഗസമരവും ദേശീയഐക്യത്തിന്റെ പ്രശ്നങ്ങളും" എന്ന ക്ലാസാണ് ഈ ലഘുലേഖയിലെ പ്രതിപാദ്യം. ഇതിന് രണ്ട് അനുബന്ധങ്ങളുണ്ട്:

1. ജനകീയ ജനാധിപത്യഭരണകൂടത്തിൻ കീഴിൽ വിഭാവനം ചെയ്യപ്പെടുന്ന ഭരണകൂടഘടന പ്രതിപാദിക്കുന്ന പാർടിപരിപാടിയിലെ ഖണ്ഡിക.

2. പാർടിയുടെ ഒമ്പതാം കോൺഗ്രസ് അംഗീകരിച്ച 'ഇന്ത്യയിലെ ദേശീയ പ്രശ്നം' എന്ന കുറിപ്പ്.

–സിപിഐ(എം) കേന്ദ്രകമ്മറ്റിയുടെ
പാർടി വിദ്യാഭ്യാസ സബ്കമ്മറ്റി

320-954 VAR


# വർഗസമരവും ദേശീയഐക്യത്തിൻെറ പ്രശ്നങ്ങളും

ജാതി, മതസമുദായങ്ങൾ, ഭാഷകൾ, ദേശീയതകൾ, ഗോത്രങ്ങൾ, കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ്, "ദേശീയൈക്യത്തെ സംബന്ധിച്ച പ്രശ്നങ്ങൾ". എന്നാൽ, ജനകീയജനാധിപത്യ വിപ്ലവം നടപ്പാക്കുക എന്ന നമ്മുടെ പരിപാടിയുടെ (അതാകട്ടെ, ഇന്ത്യൻ പരിത:സ്ഥിതിയ്ക്കൊത്ത് നടപ്പാക്കപ്പെടുന്ന മാർക്സിസം-ലെനിനിസത്തിൻെറ മൗലികസിദ്ധാന്തവുമായി ബന്ധപ്പെട്ടതുമാണ്) പശ്ചാത്തലത്തിൽ വേണം അവയെ നോക്കിക്കാണാൻ.

## പാർടിപരിപാടി മനസ്സിലാക്കൽ

"സ്റ്റേറ്റ് ഘടനയുടെ മേഖലയിൽ" എന്ന പേരിൽ പാർടിപരിപാടിയിലുള്ള വിഭാഗം, കേന്ദ്രത്തിലെ ജനാധിപത്യസംവിധാനം, ഭാഷാസംസ്ഥാനങ്ങൾ, ഭാഷാസംസ്ഥാനങ്ങൾക്കകത്തെ ഗോത്രമേഖലകൾ, ദേശീയഭാഷകളും ഇംഗ്ലീഷിൻെറ സ്ഥാനവും, ഗോത്രവർഗങ്ങളുടെ സ്വയംനിർണയാവകാശം, സാധാരണജനങ്ങളുടെ ജനാധിപത്യാവകാശവും സിവിൽസ്വാതന്ത്ര്യങ്ങളും തുടങ്ങിയ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്.

പാർടി പരിപാടിയിലെ ഈ പ്രത്യേകവിഭാഗം, അതിൽത്തന്നെയുള്ള കാർഷികബന്ധങ്ങൾ, വ്യവസായവൽക്കരണവും തൊഴിൽബന്ധങ്ങളും തുടങ്ങിയ മറ്റു വിഭാഗങ്ങളുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടാണ് കിടക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഓരോ പൗരനും അവൻെറ അഥവാ അവളുടെ ജനാധിപത്യാവകാശങ്ങൾ അനുഭവിക്കാൻ കഴിയത്തക്കവിധത്തിലുള്ള സാമൂഹ്യ-രാഷ്ട്രീയ സംവിധാനത്തിൻെറ മൗലികഘടനയെക്കുറിച്ചാണ് പാർടിപരിപാടി വിവരിക്കുന്നത്. അത്തരമൊരു യഥാർത്ഥ ജനാധിപത്യസംവിധാനത്തിൻെറ ചട്ടക്കൂട്ടിനുള്ളിൽ മാത്രമേ ഇന്ത്യക്ക് ഒരു ഏകീകൃത ദേശീയരാഷ്ട്രമായി നിലനിൽക്കാൻ കഴിയുകയുള്ളൂ.

## ദേശീയതകളെ സംബന്ധിച്ച പ്രശ്നം

സ്റ്റേറ്റ്ഘടനയെ സംബന്ധിച്ച നമ്മുടെ പാർടിപരിപാടിയിലെ ഈ ഭാഗത്തിന് രൂപംനൽകുംമുമ്പ്, ദേശീയതകളെ സംബന്ധിച്ച പ്രശ്നത്തെക്കുറിച്ച് നമ്മുടെ പാർട്ടി വിശദമായ ഒരു ചർച്ച നടത്തുകയുണ്ടായി. പാർടിപരിപാടിയുടെ കരടുരേഖ അവതരിപ്പിക്കപ്പെട്ട പാർടിയുടെ ഏഴാം-കോൺഗ്രസിൽ ആണ് ആദ്യമായി ആ പ്രശ്നം ഉന്നയിക്കപ്പെട്ടത്. വിസ്തൃതമായ ഈ രാജ്യത്തിൻെറ ഒരു ഭാഗത്തല്ലെങ്കിൽ മറ്റൊരു ഭാഗത്ത് അധിവസിക്കുന്ന ഓരോ ദേശീയജനവിഭാഗത്തിനും, ഇന്ത്യൻ യൂണിയനിൽ നിന്ന് വിട്ടുപോകാനുള്ള അവകാശമടക്കമുള്ള സ്വയംനിർണയാവകാ

ശം ഉണ്ടായിരിക്കണമെന്ന വാശിയേറിയ ഒരാവശ്യം അന്നുണ്ടായിരുന്നു. നേതൃത്വത്തിൻെറ ഉപദേശപ്രകാരം ദേശീയതകളെ സംബന്ധിച്ച പ്രശ്ന ത്തെക്കുറിച്ച് മുഴുവനുമുള്ള ചർച്ച തൽക്കാലം മാറ്റിവെയ്ക്കാൻ ഏഴാം-കോൺഗ്രസ് തീരുമാനിച്ചു. അതിനെക്കുറിച്ച് പിന്നീട്, വിശദമായ ചർച്ചതന്നെ സംഘടിപ്പിക്കപ്പെടുകയുണ്ടായി.

ആ ചർച്ചയുടെ അവസാനത്തിൽ സ്വയംനിർണയാവകാശത്തെക്കുറിച്ചുള്ള ഒരു കുറിപ്പ് തയ്യാറാക്കുകയും അത് പാർടിയുടെ ഒമ്പതാംകോൺഗ്രസിൽ അവതരിപ്പിക്കുകയുംചെയ്തു. കോൺഗ്രസിലെ ചർച്ചകൾക്കുശേഷം ആ കുറിപ്പ് അംഗീകരിക്കപ്പെട്ടു. ദേശീയതകളെ സംബന്ധിച്ച പ്രശ്നത്തിൻമേലുള്ള നമ്മുടെ സൈദ്ധാന്തികനിലപാട് ആ കുറിപ്പിൽ വിശദീകരിക്കപ്പെടുന്നതിനാലും അവിടെ നടന്ന ചർച്ചകളെ തുടർന്ന് എത്തിച്ചേർന്ന നിഗമനങ്ങൾ പാർടിപരിപാടിയുടെ സ്റ്റേറ്റ്ഘടന എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും പാർടിപരിപാടിയിലെ സ്റ്റേറ്റ്ഘടന എന്ന വിഭാഗവും ഒമ്പതാംകോൺഗ്രസ് അംഗീകരിച്ച സ്വയംനിർണയാവകാശത്തെക്കുറിച്ചുള്ള കുറിപ്പും ഞങ്ങളിവിടെ അനുബന്ധങ്ങളായി കൊടുത്തിട്ടുണ്ട്. ദേശീയതകളെക്കുറിച്ചുള്ള പ്രശ്നങ്ങളെയും അതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങളെയും സംബന്ധിച്ച നമ്മുടെ സൈദ്ധാന്തികനിലപാടിനെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിന്, ഈ രണ്ടു രേഖകളും സഖാക്കൾക്ക് സഹായകമായിത്തീരും.

## ഇന്ത്യയെക്കുറിച്ച് മാർക്സ്

ഇതിനെക്കുറിച്ച് ശരിയായ ധാരണയുണ്ടാകുന്നതിന്, മാർക്സിൻെറ ലേഖനങ്ങൾ, പ്രത്യേകിച്ചും അദ്ദേഹം 1853ൽ എഴുതിയ "ഇന്ത്യയിലെ ബ്രിട്ടീഷ്ഭരണത്തിൻെറ ഭാവിഫലങ്ങൾ" എന്ന ലേഖനം പഠിക്കേണ്ടത്, നമ്മളെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. കാരണം, ഇന്ത്യയെ സംബന്ധിച്ച ഒരു വിദഗ്ധനായിരുന്നില്ല മാർക്സ് എങ്കിലും, ബ്രിട്ടീഷ് അടിമത്തത്തിൽനിന്ന് ഇന്ത്യയെ സ്വതന്ത്രമാക്കുന്ന പ്രക്രിയയ്ക്കും പുതിയ സ്വതന്ത്രഇന്ത്യയുടെ പുനർനിർമ്മാണത്തിനും ജാതി, മതസമുദായം തുടങ്ങിയ വിഘടനശക്തികൾക്ക് എതിരായ സംഘടിതസമരം ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കാൻ തക്കവണ്ണം, ഇന്ത്യയുടെ ചരിത്രത്തേയും സാമൂഹ്യസ്ഥിതിയേയും സംബന്ധിച്ച സാമാന്യമായ അറിവ് അദ്ദേഹത്തിന് വേണ്ടത്രയുണ്ടായിരുന്നു.

ലോകമുതലാളിത്തത്തിൻെറ വളർച്ചയെക്കുറിച്ച് പഠിക്കുന്ന അവസരത്തിൽ, വിവിധ രാജ്യങ്ങളിൽ നിലനിന്നിരുന്ന പ്രാങ് മുതലാളിത്തസമൂഹത്തിൻെറ വിവിധ രൂപങ്ങൾ, വികാസം പ്രാപിച്ചുവരുന്ന മുതലാളിത്തവ്യവസ്ഥയ്ക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന പ്രക്രിയയെക്കുറിച്ച് മാർക്സിന് പരിശോധിക്കേണ്ടതുണ്ടായിരുന്നു. ഇന്ത്യയിലെ പ്രാങ് മുതലാളിത്തസമൂഹം, വളർന്നുവരുന്ന ബ്രിട്ടീഷ് മുതലാളിത്തത്തിൻെറ നിയന്ത്രണ

ത്തിൻകീഴിൽ അകപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. മാർക്സിൻെറ അഭിപ്രായത്തിൽ, ഇത് അനിവാര്യവുമായിരുന്നു:

"മുസ്ലീങ്ങളും ഹിന്ദുക്കളുമായി മാത്രമല്ല, പലപല ഗോത്രങ്ങളായും പലപല ജാതികളായും വിഭജിക്കപ്പെട്ടുകിടക്കുന്ന ഒരു രാജ്യം, സമൂഹത്തിലെ ഘടകങ്ങൾ എല്ലാം തമ്മിൽത്തമ്മിലുള്ള പൊതുവായ വികർഷണത്തിൻെറയും ഒഴിഞ്ഞൊതുങ്ങി നിൽക്കുന്ന സ്വഭാവത്തിൻെറയും ഫലമായി രൂപപ്പെട്ടുവന്നിട്ടുള്ള ഒരുതരം സന്തുലിതാവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ചട്ടക്കൂടോടുകൂടിയ സമൂഹം, അത്തരമൊരു രാജ്യവും അത്തരമൊരു ജനതയും - ആക്രമണകാരിയായ ജേതാവിൻെറ ഇരയായിത്തീരാൻ അവർ എന്നേ വിധിക്കപ്പെട്ടവരല്ലേ?"

"ഈ സന്ദർഭത്തിൽപോലും (1853) ഇന്ത്യക്കാരുടെ ചെലവിൽ നിലനിർത്തിപ്പോരുന്ന ഇന്ത്യൻസേനയാൽ ബ്രിട്ടീഷുകാരുടെ അടിമയാക്കപ്പെട്ടു കിടക്കുകയാണ് ഇന്ത്യ "എന്ന് ചൂണ്ടിക്കാണിച്ച അദ്ദേഹം, അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: "കീഴടക്കപ്പെടുക എന്ന വിധിയിൽനിന്ന് ഇന്ത്യയ്ക്ക് രക്ഷപ്പെടാൻ കഴിയുകയില്ല", അദ്ദേഹം ഇങ്ങനെ തുടരുന്നു: "ഇന്ത്യക്ക് എന്തെങ്കിലും ഒരു പൂർവചരിത്രം ഉണ്ടെങ്കിൽ, ആ പൂർവചരിത്രം മുഴുവൻ, ഇന്ത്യക്കു നേരിടേണ്ടിവന്ന തുടർച്ചയായ അടിച്ചമർത്തലുകളുടെ ചരിത്രമാണ്. ഇന്ത്യൻസമൂഹത്തിന് ഒരു ചരിത്രമേ ഇല്ല - കുറഞ്ഞപക്ഷം അറിയപ്പെടുന്ന ചരിത്രമില്ല. ചെറുത്തുനിൽക്കുകയോ പരിവർത്തനത്തിന് വിധേയമാവുകയോ ചെയ്യാത്ത സമൂഹത്തിൻെറ സഹിഷ്ണുതയുടെ അടിത്തറമേൽ തങ്ങളുടെ സാമ്രാജ്യങ്ങൾ കെട്ടിപ്പൊക്കിയ, ആക്രമണകാരികളുടെ പരമ്പരയുടെ ചരിത്രത്തെയാണ്, നാം ഇന്ത്യയുടെ ചരിത്രം എന്നുവിളിക്കുന്നത്."

അങ്ങനെ, "പരിവർത്തനവിധേയമല്ലാത്ത" (ജാതീയമായ അടിച്ചമർത്തലിൻെറ അടിസ്ഥാനത്തിലുള്ള) ഇന്ത്യൻസമൂഹവും ഇന്ത്യയുടെ പാരതന്ത്ര്യവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച്, മാർക്സ്, സൂചിപ്പിക്കുകയാണ്.

## വർഗവും ജനതയും

ഇന്ത്യയിലെ വർഗസമരത്തെക്കുറിച്ച് മാർക്സ് പ്രസ്താവിക്കുന്നില്ല എന്ന കാര്യം ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. കാരണം, പത്തൊമ്പതാം നൂറ്റാണ്ടിൻെറ മധ്യത്തിലെ ഇന്ത്യയിൽ, ആധുനിക മുതലാളിത്തസമൂഹത്തിലെ രണ്ട് അടിസ്ഥാനവർഗങ്ങളായ ബൂർഷ്വാസിയും തൊഴിലാളിവർഗവും, അപ്പോഴും രൂപപ്പെട്ടു. കഴിഞ്ഞിരുന്നില്ല. ഫ്യൂഡൽ ഭൂപ്രഭുക്കളും സാധാരണജനങ്ങളും തമ്മിലുള്ള വർഗവൈരുധ്യം കേന്ദ്രവൈരുധ്യമായി വർത്തിക്കുന്ന ഫ്യൂഡൽസമൂഹത്തെ സംബന്ധിച്ചിടത്തോളം, അതിൻെറ സ്ഥാനത്ത് ഫ്യൂഡൽ ഭൂപ്രഭുക്കളടക്കമുള്ള രാജ്യം മുഴുവനും ബ്രിട്ടീഷ് ഭരണാധികാരികളുടെ മേധാവിത്വത്തിൻകീഴിൽ അകപ്പെട്ടുകൊണ്ടിരി

ക്കുന്ന ഒരു പുതിയ സമൂഹം രൂപംകൊണ്ടുവരികയായിരുന്നു. അതിനാൽ അന്നത്തെ ഇന്ത്യയിൽ വർഗസമരമെന്നത്, ഇന്ത്യൻസമൂഹത്തിലെ രണ്ടുവർഗങ്ങൾ തമ്മിലുള്ള സമരമായിരുന്നില്ല; മറിച്ച് ഇന്ത്യൻജനത മുഴുവൻ ഒരുഭാഗത്തും, അവരുടെ പുതിയ ബ്രിട്ടീഷ് ഭരണാധികാരികൾ മറുഭാഗത്തും ആയിട്ടുള്ള സമരമാണ്.

അന്നത്തെ ഇന്ത്യൻ സമൂഹത്തിലെ മൗലികവൈരുധ്യത്തെക്കുറിച്ച് ഇങ്ങനെ പ്രസ്താവിക്കുന്ന അവസരത്തിൽത്തന്നെ, ഇന്ത്യയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം മാർക്സ്, തികച്ചും ശുഭാപ്തിവിശ്വാസിയായിരുന്നുതാനും. രണ്ട് സംഭാവ്യതകൾ, അദ്ദേഹം വിഭാവനം ചെയ്യുകയുണ്ടായി.

"ഒന്നുകിൽ ബ്രിട്ടനിൽത്തന്നെ ഭരണവർഗങ്ങളെ സ്ഥാനഭ്രഷ്ടമാക്കി വ്യവസായതൊഴിലാളിവർഗം അധികാരമേറ്റെടുത്തേക്കാം.

"അഥവാ, ഇന്ത്യക്കാർ സ്വയം തന്നെ, ഇംഗ്ലീഷ്നുകത്തെ വലിച്ചെറിയാൻ തക്കവണ്ണം വളർന്ന് ശക്തി പ്രാപിച്ചേക്കാം".

ഹിന്ദുമതത്തിലും ഇസ്ലാംമതത്തിലുംപെട്ട ഇന്ത്യൻ പടയാളികൾ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് എതിരായി കലാപം നടത്തുകയും ഒരു മുഹമ്മദീയ ചക്രവർത്തിയെ ഡെൽഹിയിലെ രാജകീയ സിംഹാസനത്തിൽ ഇരുത്തുകയും ചെയ്തതോടെ, മാർക്സ് വിഭാവനം ചെയ്ത രണ്ടാമത്തെ സംഭാവ്യത, മൂന്നുകൊല്ലത്തിനുള്ളിൽ (1857ൽ) യാഥാർഥ്യമായിത്തീരുകയും ചെയ്തു. നമ്മുടെ രാജ്യത്തിൻെറ സ്വാതന്ത്ര്യസമരത്തിൻെറ ആരംഭമായിരുന്നു അത് - ഇന്ത്യയുടെ ഒന്നാംസ്വാതന്ത്ര്യസമരം.

ബ്രിട്ടീഷ്ഭരണാധികാരികൾക്ക് എതിരായി ഇന്ത്യൻജനത നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിൽ, അവർക്ക് (ഇന്ത്യൻ ജനതയ്ക്കു)വേണ്ടി വാദിക്കുകയും ബ്രിട്ടീഷ്ഭരണാധികാരികൾ അവലംബിച്ച മർദ്ദനത്തെയും ചൂഷണത്തെയും ശക്തിയായി വിമർശിക്കുകയും ചെയ്യുന്ന അവസരത്തിൽത്തന്നെ വിപ്ലവകാരിയായ ഒരു സാമൂഹ്യശാസ്ത്രജ്ഞൻ എന്ന നിലയിൽ മാർക്സ്, ബ്രിട്ടീഷ് ആക്രമണകാരികൾ നൽകിയ രചനാത്മകമായ സംഭാവനകളെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഭരണാധികാരികളുടെ സംഭാവനകളിൽ ചിലത്, അദ്ദേഹം എടുത്തുപറയുന്നു:

ഒന്നാമത്, "ഇന്ത്യയുടെ രാഷ്ട്രീയൈക്യം മുഗളൻമാർക്കുകീഴിലെന്നതിനേക്കാൾ എത്രയോ കൂടുതൽ ദൃഢമായിത്തീരുകയും വിപുലമായിത്തീരുകയും ചെയ്തു. ബ്രിട്ടീഷുകാർ വാളുകൊണ്ട് കെട്ടിയേൽപിച്ച ആ ഐക്യം, ഇന്നിപ്പോൾ ഇലക്ട്രിക് ടെലഗ്രാഫ് മുഖേന കൂടുതൽ ശക്തി പ്രാപിക്കുകയും ശാശ്വതീകരിക്കപ്പെടുകയുമാണ്."

രണ്ടാമതായി, "ബ്രിട്ടീഷ് സാർജൻറുമാരുടെ കീഴിൽ സംഘടിപ്പിക്കപ്പെട്ട് പരിശീലനം നേടിയ നാടൻപട്ടാളം. വിദേശീയആക്രമണകാരിയുടെ ഇരയായിരിക്കുക എന്ന അവസ്ഥയിൽ നിന്ന് ഇന്ത്യ മോചിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്."

മൂന്നാമത്, "ഒരു ഏഷ്യാറ്റിക് സമൂഹത്തിൽ ഇതാദ്യമായി അവതരി

പ്പിക്കപ്പെട്ടതും പ്രധാനമായും ഇന്ത്യൻ- യൂറോപ്യൻ (ഉഭയ)സന്തതികളുടെ മേൽനോട്ടത്തിലുള്ളതുമായ, സ്വതന്ത്രമായ പത്രങ്ങൾ പുനർനിർമാണത്തിനുള്ള ശക്തവും പുതിയതുമായ ഒരു സംവിധാനമാണ്."

നാലാമത്, "സെമീന്ദാരിയും റയത്ത്വാരിയും സ്വകാര്യസ്വത്തുടമസ്ഥതയുടെ രണ്ട് വ്യത്യസ്തരൂപങ്ങളാണ് ഏഷ്യാറ്റിക് സമൂഹത്തിൽ മറ്റെങ്ങും കാണാത്തതാണവ."

അഞ്ചാമത്, "കൽക്കത്തയിൽ ഇംഗ്ലീഷുകാരുടെ മേൽനോട്ടത്തിൽ വിദ്യാഭ്യാസം നേടിയ ഇന്ത്യൻ വംശജരിൽ നിന്ന് ഒരു പുതിയ വർഗം ഉയർന്നുവരികയാണ് – ഗവർമെണ്ടിൻെറ ആവശ്യങ്ങൾക്ക് സ്വാഭാവികമായും അനുയോജ്യമായതും യൂറോപ്യൻശാസ്ത്രത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ടതുമായ ഒരു പുതിയ വർഗം."

ആറാമത്, "യൂറോപ്പുമായി ഇന്ത്യ, ക്രമവും ദ്രുതവുമായ സമ്പർക്കത്തിലേർപ്പെട്ടു. ഇന്ത്യയുടെ തുറമുഖങ്ങൾ തെക്കുകിഴക്കൻ ഏഷ്യയുമായി മുഴുവനും ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ മുരടിപ്പിന് പ്രാഥമിക നിദാനമായിട്ടുള്ള അതിൻെറ ഒറ്റപ്പെട്ട അവസ്ഥയിൽ നിന്ന് ആ രാജ്യം മോചിതയായിത്തീർന്നിട്ടുമുണ്ട്.

പുതിയ ബൂർഷ്വാവർഗത്തിന് വികസിക്കാൻപാകത്തിലുള്ള ഒട്ടേറെ വസ്തുനിഷ്ഠ പരിത:സ്ഥിതികളാണ് മേൽകൊടുത്തിട്ടുള്ളത്. യഥാർത്ഥത്തിൽ മാർക്സ് ജീവിച്ചിരിക്കുമ്പോൾ തന്നെ അത് വളർച്ച പ്രാപിക്കാൻ ആരംഭിക്കുകയും ചെയ്തു. മാർക്സ് അന്തരിച്ച് രണ്ടുകൊല്ലത്തിനുള്ളിൽ അതിൻെറ അഖിലേന്ത്യാ രാഷ്ട്രീയസംഘടന (ഇന്ത്യൻനാഷണൽ കോൺഗ്രസ്) സ്ഥാപിക്കപ്പെട്ടു. അതിൻെറ സ്വാഭാവികമായ അനന്തരഫലമെന്ന നിലയിൽ ഇന്ത്യൻ തൊഴിലാളിവർഗവും വളർച്ച പ്രാപിക്കാൻ ആരംഭിച്ചു – ഏറെക്കുറെ കാൽനൂറ്റാണ്ടുകാലത്തേക്ക് അതൊരു രാഷ്ട്രീയശക്തിയായി വളർന്നുവികസിച്ചില്ലെങ്കിലും.

## ലെനിൻ കണ്ട ഇന്ത്യ

ബൂർഷ്വാസിയുടെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യപ്രസ്ഥാനം വളർന്നുവരുന്നതോടെത്തന്നെ, ഇന്ത്യൻ തൊഴിലാളിവർഗവും രാഷ്ട്രീയസമരത്തിൻെറ വേദിയിലേക്ക് വന്നുകൊണ്ടിരിക്കുകയാണെന്ന് ചൂണ്ടിക്കാണിക്കാനുള്ള അവസരം ലെനിനാണ് ഉണ്ടായത്. സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ നേതാവായ ബാലഗംഗാധരതിലകൻ പിടിപ്പിക്കപ്പെട്ടപ്പോൾ അദ്ദേഹത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ബോംബെയിലെ തൊഴിലാളിവർഗം പണിമുടക്കുകയുണ്ടായി. ഈ പണിമുടക്കിനെ പ്രശംസിച്ചുകൊണ്ട് ലെനിൻ എഴുതിയ സുപ്രസിദ്ധമായ ലേഖനത്തിൽ, അദ്ദേഹം, ഉയർന്നുവരുന്ന ഇന്ത്യൻതൊഴിലാളിവർഗവും ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യസമരവും തമ്മിലുള്ള ഗാഢമായ ബന്ധം വ്യക്തമായി എടുത്തുകാണിക്കുന്നുണ്ട്.

മറ്റ് കോളണിരാജ്യങ്ങളിലെയും ആശ്രിതരാജ്യങ്ങളിലെയും തൊഴിലാളിവർഗത്തോടൊപ്പം തന്നെ ഇന്ത്യൻ തൊഴിലാളിവർഗവും ഒരു സ്വതന്ത്രമായ വർഗമെന്ന നിലയിൽ (ബൂർഷ്വാസിയുടെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യസമരവുമായി അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണെങ്കിലും) ഉയർന്നുവന്നുകൊണ്ടിരിക്കുകയാണെന്ന്, ഒരു പതിറ്റാണ്ടിനുശേഷം ലെനിന് കാണാൻ കഴിഞ്ഞു. ഇന്ത്യയിലെയും മറ്റ് കോളണിരാജ്യങ്ങളിലെയും കമ്യൂണിസ്റ്റുകാർക്ക് അദ്ദേഹം നൽകിയ നിർദ്ദേശം ഇതായിരുന്നു: 1. ഉയർന്നുവന്നുകൊണ്ടിരിക്കുന്ന തൊഴിലാളിവർഗത്തെ ഒരു സ്വതന്ത്രവർഗമായി സംഘടിപ്പിക്കുക. 2. തൊഴിലാളിവർഗത്തിൻെറ ഏറ്റവും വിശ്വസ്തസഖ്യകക്ഷികളായ ഗ്രാമീണദരിദ്രജനവിഭാഗങ്ങളുമായി ദൃഢമായ സഖ്യം വളർത്തിയെടുക്കുക. 3. വർഗശത്രുവായ ബൂർഷ്വാസിയിലെ സാമ്രാജ്യത്വവിരുദ്ധ വിഭാഗങ്ങളുമായി സ്വയം സഖ്യത്തിലേർപ്പെടുക.

സ്വാതന്ത്ര്യസമരത്തിൽ വളരെ വ്യക്തമായ ഒരു പങ്കുവഹിക്കാനുള്ള ബൂർഷ്വാസിയുടെ വാലായി മാറുകയോ സെക്ടേറിയൻ ചിന്തയ്ക്ക് അടിപ്പെടുകയോ ചെയ്യരുതെന്ന് അദ്ദേഹം അവർക്ക് മുന്നറിയിപ്പ് നൽകി.

ലെനിൻ നൽകിയ ഈ നിർദ്ദേശമാണ് തൊഴിലാളിവർഗ്ഗത്തിൻെറ വർഗപരമായ സ്വാശ്രയത്വവും (സാമ്രാജ്യത്വ വിരുദ്ധ ബൂർഷ്വാസിയുമായി സഖ്യമുണ്ടാക്കിക്കൊണ്ട്) അത് വഹിച്ച ദേശീയ ദേശാഭിമാന പങ്കും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന് അടിത്തറയായി ഭവിച്ചത്. ചൈന, വിയത്നാം തുടങ്ങിയ പല രാജ്യങ്ങളിലും സമൂഹത്തിൻെറ മുഖ്യ വിപ്ലവ പരിവർത്തനങ്ങളിലേക്ക് നയിച്ചത് അതാണ്.

ഇന്ത്യയിലും തൊഴിലാളിവർഗത്തിന് പലപ്പോഴും വ്യതിയാനങ്ങളും തെറ്റുകളും സംഭവിച്ചിട്ടുണ്ടെങ്കിലും, ദൃഢമായ ഒരു സാമ്രാജ്യത്വ വിരുദ്ധ ഐക്യമുന്നണി രൂപീകരിക്കുവാനും എന്നാൽ തൊഴിലാളി വർഗം ക്രമരൂപമില്ലാത്ത കൂട്ടമായി താണുപോകാതിരിയ്ക്കാനും അത് നമ്മുടെ തൊഴിലാളി വർഗത്തിന് സഹായകമായിത്തീർന്നു. 1930കളുടെ അവസാന പകുതിയിലെ സാമ്രാജ്യത്വ വിരുദ്ധ ഐക്യമുന്നണി തൊട്ട്, എല്ലാ ഇടതുപക്ഷ - മതനിരപേക്ഷ ജനാധിപത്യ ശക്തികളെയും ദൃഢമായ ഒരു സഖ്യത്തിൽ ഒന്നിപ്പിച്ചുകൊണ്ടുവരുന്നതിനുള്ള ഇന്നത്തെ ശ്രമങ്ങൾവരെയെടുത്താൽ, ഇന്ത്യൻ തൊഴിലാളി വർഗം ശക്തിയിൽ നിന്ന് ശക്തിയിലേക്കു കുതിക്കുകയായിരുന്നുവെന്ന് കാണാം. മൊത്തത്തിലെടുത്താൽ ലെനിൻെറ നിർദ്ദേശങ്ങളിൽ അത് ഉറച്ചുനിന്നതാണ് അതിനു കാരണമെന്നു മനസിലാക്കാം. ബൂർഷ്വാ രാഷ്ട്രീയത്തിൻെറ മൂർച്ഛരിച്ചു കൊണ്ടേയിരിക്കുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, ഇനിയും കൂടുതൽ മുന്നേറ്റങ്ങൾ കൈവരിയ്ക്കാൻ ഇന്നത് തയാറായിരിക്കുകയാണ്.

സാമ്രാജ്യത്വ വിരുദ്ധ ദേശാഭിമാന വിഭാഗങ്ങളെല്ലാം ചേർന്ന അത്തരമൊരു ഐക്യമുന്നണി കെട്ടിപ്പടുക്കുന്ന പ്രക്രിയയ്ക്കിടയിൽ, അതിൽ തൊഴിലാളി വർഗവും അതിൻെറ പാർടിയും പ്രമുഖസ്ഥാനം വഹിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, ജാതികൾ, മതസമുദായങ്ങൾ, ഭാഷകളും സംസ്കാരങ്ങളും, ദേശീയതകളും ഗോത്രങ്ങളും, കേന്ദ്ര- – സംസ്ഥാന ബന്ധങ്ങൾ തുടങ്ങിയവയെ സംബന്ധിയ്ക്കുന്ന പ്രശ്നങ്ങളെക്കുറിച്ച്, തൊഴിലാളി വർഗത്തിൻെറ പാർടി തുടർച്ചയായി പഠനം നടത്തിക്കൊണ്ടിരുന്നിട്ടുണ്ട്. ദേശീയൈക്യത്തെ ബാധിയ്ക്കുന്ന ഈ പ്രശ്നങ്ങളിലോരോന്നിനെയും തൊഴിലാളി വർഗത്തിൻെറ പാർടി എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്നതിനക്കുറിച്ച് വ്യക്തമായി വിശദീകരിക്കുന്നതിനു മുമ്പ്, ഈ പ്രശ്നങ്ങളെ ബൂർഷ്വാസി എങ്ങിനെയാണ് കൈകാര്യം ചെയ്തിരുന്നത് എന്ന് പരിശോധിയ്ക്കേണ്ടിയിരിക്കുന്നു.

## ബ്രിട്ടീഷ് ഭരണാധികാരികളും ഇന്ത്യൻ ബൂർഷ്വാസിയും

തൊഴിലാളി വർഗത്തിൻെറയും അതിൻെറ സഖ്യശക്തികളുടെയും വർദ്ധമാനമായ ഐക്യംമൂലം ദേശീയ ഐക്യത്തിൻെറ വളർച്ച എളുപ്പമായിത്തീർന്ന അവസരത്തിൽത്തന്നെ, വളർന്നുകൊണ്ടിരിയ്ക്കുന്ന ഐക്യശക്തികളെ വളർന്നുവന്നുകൊണ്ടിരിക്കുന്ന അനൈക്യത്തിൻെറയും ശിഥിലീകരണത്തിൻെറയും ശക്തികളെക്കൊണ്ട് നേരിടാൻ കഴിയത്തക്ക വിധത്തിലാണ്, ഇന്ത്യയിലെ മുതലാളിത്ത സമൂഹത്തിൻെറ രണ്ട് പ്രധാന പ്രതിനിധികളായ ബ്രിട്ടീഷ് ഭരണാധികാരികളും സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൻെറ മുന്നിൽ നിൽക്കുന്ന ഇന്ത്യൻ ബൂർഷ്വാസിയും, ദേശീയൈക്യത്തിൻെറ പ്രശ്നത്തെ സംബന്ധിച്ച തങ്ങളുടെ നയങ്ങൾക്ക് രൂപം നൽകിക്കൊണ്ടിരുന്നത്.

നമ്മുടെ രാജ്യത്തിൻെറ രാഷ്ട്രീയൈക്യം കെട്ടിപ്പടുത്തതിൽ കാൾ മാർക്സിൻെറ പ്രശംസ പിടിച്ചുപറ്റിയ ബ്രിട്ടീഷ് ഭരണാധികാരികൾ രാജ്യത്തിൻെറ വിഭജനത്തിന് വഴിവെയ്ക്കുകയും അതിന് ആധ്യക്ഷംവഹിയ്ക്കുകയും ചെയ്തു എന്ന കാര്യം ഇത്തരുണത്തിൽ ഓർത്തിരിക്കേണ്ടത് പ്രധാനമാണ്. ബൂർഷ്വാസിയെ സംബന്ധിച്ചിടത്തോളം, സ്വാതന്ത്ര്യ സമരത്തിൻെറ ആദ്യഘട്ടത്തിൽ വിവിധ ജാതി- മത- സമുദായങ്ങളെയും വിവിധ വിഭാഗങ്ങളെയും പൊതുവായ ഒരു ദേശീയ മുന്നണിയിൽ ഒന്നിച്ചു നിർത്താൻ വളരെയേറെ പ്രവർത്തിച്ച അവർക്ക് സ്വാതന്ത്ര്യസമരത്തിൻെറ തുടർന്നുള്ള ഘട്ടത്തിൽ ദേശീയ ശിഥിലീകരണത്തിൻെറ ശക്തികൾ വളർന്നുവരുന്നത് തടയാൻ കഴിഞ്ഞില്ല. ദേശീയൈക്യം, ഹിന്ദു-മുസ്ലീം ഐക്യം; തൊട്ടുകൂടാത്തവരുടെ ഉന്നമനം തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ച, ദേശീയൈക്യത്തിൻെറയും സർവതോമുഖമായ

പുനർ നിർമ്മാണത്തിൻെറയും അടിസ്ഥാനത്തിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനം വളർത്തിയെടുത്ത മഹാത്മാഗാന്ധിക്കു തന്നെ "ഇന്ത്യയുടെ വിഭജനം" കാണേണ്ടിവന്നു. അതു "തൻെറ സ്വന്തം ശരീരം കീറി മുറിക്കുന്നതിന് സമമാണെന്ന്" അദ്ദേഹം പറയുകയുണ്ടായി.

ബ്രിട്ടീഷ് ഭരണാധികാരികളും , അതുപോലെ തന്നെ, ബ്രിട്ടീഷ് ഭരണാധികാരികൾക്ക് എതിരായി ജനങ്ങളെ അണിനിരത്തിയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൻെറ ബൂർഷ്വാ നേതാക്കളും, ഇന്ത്യയെ ഏകീകരിക്കുന്ന പങ്കാണ് തുടക്കത്തിൽ വഹിച്ചതെങ്കിലും പിന്നീട് മുസ്ലീം പാകിസ്ഥാനും (അമുസ്ലീം) ഇന്ത്യൻ യൂണിയനും എന്നിങ്ങനെ ഇന്ത്യയുടെ വിഭജനം (ബ്രിട്ടീഷ്കാർ ചെയ്തപോലെ) നടത്തുകയോ അഥവാ നിസ്സഹായരായ കാഴ്ചക്കാരായി അത് നോക്കി നിൽക്കുകയോ ആണ് ഉണ്ടായത്. ഇതെങ്ങിനെ സംഭവിച്ചു? നമ്മുടെ പാർടി പരിപാടിയിൽ അതിന് ഇങ്ങനെ ഉത്തരം നൽകുന്നുണ്ട്:

"മുതലാളിത്ത മാർഗത്തിലൂടെയാണ് വികസിച്ചുവരുന്നതെങ്കിൽത്തന്നെയും ഇന്ത്യൻ സമൂഹം പ്രാങ് മുതലാളിത്ത സമൂഹത്തിൻെറ പ്രബലമായ അംശങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഭരണബൂർഷ്വാസിയാൽ നശിപ്പിക്കപ്പെട്ട പ്രാങ്ങ് മുതലാളിത്തസമൂഹത്തിൻെറ ചാരത്തിൽ നിന്നാണ് വികസിത രാജ്യങ്ങളിൽ മുതലാളിത്തം വളർന്നതെങ്കിൽ, അതിൽ നിന്ന് വ്യത്യസ്തമായി, ഇന്ത്യയിൽ പ്രാങ് മുതലാളിത്ത സമൂഹത്തിൻമേൽ മുതലാളിത്തം അധ്യാരോപിയ്ക്കപ്പെടുകയാണുണ്ടായത്. മുതലാളിത്ത സമൂഹത്തിൻെറ സ്വതന്ത്രമായ വികസനത്തിനും പ്രാങ് മുതലാളിത്തത്തിനും പകരമായി മുതലാളിത്ത സമൂഹം സ്ഥാപിക്കുന്നതിനും ആവശ്യമായ തകർപ്പൻ പ്രഹരം പ്രാങ് മുതലാളിത്ത സമൂഹത്തിനുമേൽ ഏൽപ്പിക്കാൻ, ഒരു നൂറ്റാണ്ടുകാലം വാഴ്ച നടത്തിയ ബ്രിട്ടീഷ് കോളണി ഭരണാധികാരികളോ 1947 ൽ ഭരണം നേടിയ ഇന്ത്യൻ ബൂർഷ്വാസിയോ തുനിയുകയുണ്ടായില്ല. അതിനാൽ ഇന്നത്തെ ഇന്ത്യൻ സമൂഹം, ജാതി - വർഗീയ - ഗോത്ര സ്ഥാപനങ്ങളോടൊപ്പം കുത്തക മുതലാളിത്ത മേധാവിത്വവും കൂടിച്ചേർന്ന ഒരു കൂട്ടുകെട്ടാണ്. അതിനാൽ പ്രാങ്ങ് മുതലാളിത്ത സമൂഹത്തെ നശിപ്പിക്കുന്നതിൽ തൽപ്പരരായ എല്ലാ പുരോഗമന ശക്തികളെയും ഒന്നിപ്പിയ്ക്കുകയും ജനാധിപത്യ വിപ്ലവം കഴിയുന്നത്ര വേഗത്തിൽ പൂർത്തീകരിച്ച് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിനുള്ള അടിസ്ഥാനമൊരുക്കാൻ കഴിയത്തക്കവിധത്തിൽ അതിനുള്ളിലെ വിപ്ലവശക്തികളെ ഒറ്റക്കെട്ടായി നിർത്തുകയും ചെയ്യേണ്ടത് തൊഴിലാളി വർഗത്തിൻെറയും അതിൻെറ പാർടിയുടെയും ചുമതലയായിത്തീർന്നിരിക്കുന്നു.

പരിപാടിയിൽ ഇങ്ങനെയും പറയുന്നുണ്ട്:

"നമ്മുടെ ജനങ്ങളുടെ ജനാധിപത്യ പ്രസ്ഥാനത്തിൻെറ വളർച്ചയെ തകർക്കുന്നതിനും പിന്നോട്ടടിപ്പിയ്ക്കുന്നതിനും, മതാന്ധത, വർഗീയത, ജാതീയത, ബൂർഷ്വാ ദേശീയത, സങ്കുചിതവാദം തുടങ്ങിയവയെ

പിൻതിരിപ്പൻ നിക്ഷിപ്ത താൽപ്പര്യക്കാർ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഹിന്ദി സങ്കുചിതവാദം ഇതിനകം തന്നെ തലപൊക്കിക്കഴിഞ്ഞിരിക്കുന്നു. അതിനോടുള്ള പ്രതികരണമെന്ന നിലയിൽ മറ്റ് ഭാഷാ വിഭാഗങ്ങളും വിഘടനവാദങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അവയെല്ലാം തന്നെ ഏകീകൃത തൊഴിലാളിവർഗത്തിനും വിപ്ലവ പ്രസ്ഥാനത്തിനും ഹാനികരമാണ്. അതിനാൽ കമ്യൂണിസ്റ്റ് പാർടി അവയെ ചെറുക്കുന്നതാണ്".

## കാർഷിക വിപ്ലവം നിർണായകം

മാർക്സിസം- ലെനിനിസത്തിൻെറ അടിസ്ഥാനത്തിൽ പറഞ്ഞാൽ കോളണി രാജ്യങ്ങളിലെയും അർധ കൊളോണിയൽ രാജ്യങ്ങളിലെയും ആശ്രിത രാജ്യങ്ങളിലെ സ്വാതന്ത്ര്യ സമരത്തിൻെറ അച്ചുതണ്ടായ കാർഷിക വിപ്ലവത്തിൻെറ പ്രശ്നത്തിൽ ബൂർഷ്വാസിയും തൊഴിലാളിവർഗവും പരസ്പരവിരുദ്ധമായ നിലപാടുകളാണ് സ്വീകരിക്കുന്നത് എന്നു കാണാം.

1930 ൽ കമ്യൂണിസ്റ്റ് ഇൻറർനാഷണലിൻെറ മുഖപത്രം പ്രസിദ്ധീകരിച്ച, സിപിഐയുടെ കരടുപരിപാടിയിൽ, സാമ്രാജ്യത്വ വിരുദ്ധ സമരത്തിൻെറ വിജയത്തെ, കാർഷിക വിപ്ലവവുമായും പഴഞ്ചൻ സാമൂഹ്യ - മതവ്യവസ്ഥ കെട്ടിയേൽപ്പിച്ച എല്ലാ അസമത്വങ്ങളുടെയും നിർമാർജനവുമായും ബന്ധിപ്പിച്ചിരിക്കുന്നു. പരമ്പരാഗതമായ എല്ലാ അസമത്വങ്ങൾക്കും എതിരായി തുറന്നടിച്ച രീതിയിൽ യുദ്ധം പ്രഖ്യാപിച്ച അത്, ഈ യുദ്ധത്തെ സാമ്രാജ്യത്വത്തിനെതിരായ യുദ്ധവുമായി ബന്ധിപ്പിക്കുകയും സ്വാതന്ത്ര്യ സമരത്തിൽ അണിചേരാൻ എല്ലാവിഭാഗം ജനങ്ങളോടും ആഹ്വാനം ചെയ്യുകയുമുണ്ടായി. ഇന്ത്യൻ ജനതയിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങളെ പ്രത്യക്ഷമായിത്തന്നെ പരാമർശിക്കുന്നതും അതുപോലെ തന്നെ ബ്രിട്ടീഷ് ഭരണാധികാരികളെ അധികാരഭ്രഷ്ടമാക്കുന്നതിനുള്ള വിപ്ലവ സമരത്തിൻെറ അടിയന്തരാവശ്യങ്ങളെ ഊന്നിപ്പറയുന്നതുമായ അത്തരം വിപ്ലവകരമായ ഒരു രേഖ മുമ്പൊരിയ്ക്കലും ഇന്ത്യയിൽ ഉണ്ടായിട്ടില്ല. ആ പരിപാടി ഇങ്ങനെ പ്രഖ്യാപിയ്ക്കുന്നു:

"ഇന്ത്യൻ ജനതയുടെ അടിമത്തം അവസാനിപ്പിക്കുന്നതിനും തൊഴിലാളിവർഗത്തെയും കർഷകരെയും തകർക്കുന്ന ദാരിദ്ര്യത്തിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനും, രാജ്യത്തിൻെറ സ്വാതന്ത്ര്യം നേടേണ്ടതും മധ്യകാലയുഗം മുതൽ നിലനിന്നുവരുന്ന ഭൂപ്രഭുത്വ വ്യവസ്ഥ അവസാനിപ്പിക്കുകയും മധ്യകാലത്തിൻെറ കുപ്പത്തൊട്ടിയിൽനിന്ന് രാജ്യത്തെ മുഴുവൻ മോചിപ്പിക്കുകയും ചെയ്യുന്ന കാർഷികവിപ്ലവത്തിൻെറ കൊടിക്കൂറ ഉയർത്തിപ്പിടിക്കേണ്ടത് അത്യാവശ്യമാണ്. ഇന്ത്യയുടെ വിപ്ലവകര

മായ മോചനത്തിന്നടിസ്ഥാനം. ബ്രിട്ടീഷ് മുതലാളിത്തത്തിനും ഭൂപ്രഭുത്വ ത്തിനും എതിരായ കാർഷികവിപ്ലവമായിരിക്കണം."

ഇന്ത്യൻ തൊഴിലാളിവർഗത്തിൻെറ വ്യക്തവും തുറന്നടിച്ചതുമായ ഈ നിലപാടിന് നേരെ വിരുദ്ധമായതായിരുന്നു ബൂർഷ്വാസിയുടെ നില പാട്. ഇന്ത്യൻ നാട്ടുരാജാക്കൻമാരോട് ഒത്തുതീർപ്പ്, ഫ്യൂഡൽ ഭൂപ്രഭുക്കൻ മാർക്ക് കനത്ത സൗജന്യങ്ങൾ, ഇന്ത്യൻസമൂഹത്തിലെ എല്ലാ സാമൂഹ്യ-സാംസ്കാരിക - മതാന്ധശക്തികളെയും പ്രീണിപ്പിക്കൽ ,- ഇവയെയെ ല്ലാം ആസ്പദിച്ചതായിരുന്നു ബൂർഷ്വാസിയുടെ രാഷ്ട്രീയനിലപാട്. സമ്പദ് വ്യവസ്ഥയിലും സാമൂഹ്യവ്യവസ്ഥയിലും രാഷ്ട്രീയത്തിലും സംസ്കാര ത്തിലുമുള്ള ജന്മിത്വത്തിൻെറ കാൽച്ചങ്ങലകൾ തകർക്കാൻ ബൂർഷ്വാ സി ഒരിക്കലും തയ്യാറുണ്ടായിരുന്നില്ല. വികാസം പ്രാപിച്ചുവരുന്ന ഇന്ത്യൻ മുതലാളിത്തസമൂഹത്തിൽ ഉയർന്നുവന്നുകൊണ്ടിരുന്ന രണ്ട് പ്രമുഖവർഗങ്ങളെ വ്യക്തമായി വേർതിരിക്കുന്ന വസ്തുതയിതാണ്.

അതിനാൽ, 1930കളിൽ, ഇന്ത്യയിൽ അന്ന് ഒളിവിൽ പ്രവർത്തിക്കു കയായിരുന്ന അന്നത്തെ അണ്ടർഗ്രൗണ്ട് കമ്യൂണിസ്റ്റ്പാർട്ടി "പ്രവർത്തന പരിപാടി" എന്ന പേരിൽ രൂപംനൽകിയ വിപ്ലവരേഖയിൽ അംഗീകരിച്ച വർഗനിലപാടിൻെറ അടിസ്ഥാനത്തിൽ ജാതി, മതസമുദായം, ഗോത്രം, ഭാഷ തുടങ്ങിയവയെ നമുക്ക് പരിശോധിക്കേണ്ടിയിരിക്കുന്നു.

## ജാതിപരമായ അടിച്ചമർത്തലും സംവരണവും

മർദ്ദനപരവും അസമത്വപരവുമായ ഒരു സാമൂഹ്യസ്ഥാപനം എന്ന നിലയിൽ ജാതി, പ്രാചീന-മധ്യകാലങ്ങളിലെ, അതായത് പ്രാങ് മുതലാളിത്ത കാലഘട്ടത്തിലെ, ഇന്ത്യൻ സമൂഹത്തിൻെറ മൗലികസവി-ശേഷതയായിരുന്നു. ജാതിയമായ അടിച്ചമർത്തിലിനെ അടിസ്ഥാനപ്പെടു ത്തിക്കൊണ്ടുള്ള ഇന്ത്യൻ സമൂഹത്തിൻെറ മൗലികഘടന, ജന്മിത്വവ്യവ സ്ഥയിലുള്ള ചൂഷണത്തിൻെറയോ മുതലാളിത്തരൂപത്തിലുള്ള ചൂഷണ ത്തിൻെറയോ ഉയർച്ചമൂലം അവസാനിപ്പിക്കപ്പെടുകയുണ്ടായില്ല. "ചെറു ത്തുനിൽക്കാനും മാറാനും തയ്യാറില്ലാത്ത ഇന്ത്യൻസമൂഹത്തിൻെറ സഹി ഷ്ണുതാപൂർണമായ അടിത്തറ"യെക്കുറിച്ച് മാർക്സ് പരാമർശിച്ചത് അതുകൊണ്ടാണ്.

ജാതിയെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ സമൂഹത്തിനുമേൽ ആദ്യത്തെ കനത്ത അടിഅടിച്ചത് ബ്രിട്ടീഷ് ഭരണാധികാരികളാണ്. അവർ ഈ രാജ്യത്ത് തങ്ങളുടെ രാഷ്ട്രീയഭരണവും സാംസ്കാരികമേധാവിത്വ വും സ്ഥാപിച്ചു. ബ്രിട്ടീഷ് മേധാവിത്വത്തിൻകീഴിൽ സ്ഥാപിതമായ പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഹിന്ദുസമൂഹത്തിലേയും ഹിന്ദുക്കളെ

ല്ലാത്തവരിലെയും പിന്നോക്കജാതിക്കാർക്കും അടിച്ചമർത്തപ്പെട്ടവർക്കും ഗവർമെണ്ട് സർവീസിൽ വാതിൽ തുറന്നുകൊടുക്കൽ, ബ്രിട്ടീഷുകാർ സംഘടിപ്പിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിച്ച് പുറത്തിറങ്ങിയ ഇന്ത്യൻ ബുദ്ധിജീവികൾ നടത്തിക്കൊണ്ടിരുന്ന ദേശീയദിനപത്രങ്ങൾ, രാജ്യത്തിലെ വരേണ്യവർഗത്തിൻെറ സാംസ്കാരികജീവിതത്തിൽ ഇംഗ്ലീഷിനുള്ള മേധാവിത്വം തുടർന്നും നിലനിൽക്കുമ്പോൾത്തന്നെ, ഇന്ത്യൻ ഭാഷകളുടെയും അവയുടെ സാഹിത്യത്തിൻെറയും വളർച്ച - ഇവയും ബ്രിട്ടീഷ് ഭരണാധികാരികൾ നടപ്പാക്കിയ മറ്റ് യുഗപരിവർത്തനാത്മകമായ നടപടികളും, സാമൂഹ്യ-സാംസ്കാരിക ജീവിതത്തിൽ ജാതിവ്യവസ്ഥയ്ക്ക് ആദകാലത്തുണ്ടായിരുന്ന മേധാവിത്വത്തെ ഇല്ലാതാക്കുന്നതിന് സഹായിച്ചു.

പക്ഷെ, ആശയപരവും രാഷ്ട്രീയവുമായ അധിഘടനയിൽ സമൂലമായ ഒരു പരിഷ്കരണം വരുത്തുന്നതിന് അത് വഴിവെയ്ക്കുകയുണ്ടായില്ല. യഥാർഥം പറഞ്ഞാൽ ബ്രിട്ടീഷ് ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം, ഫ്യൂഡൽ ഭൂപ്രഭുക്കൻമാർ അവരുടെ സ്വാഭാവികസഖ്യശക്തികളായിരുന്നു. സാമ്പത്തികജീവിതത്തിൽ ഫ്യൂഡൽ ഭൂപ്രഭുക്കളുടെ മേധാവിത്വം തുടരുന്നുവെന്നതിനർത്ഥം, സവർണജാതിക്കാരുടെ സാമൂഹ്യ-സാംസ്കാരിക മേധാവിത്വം (കുറെക്കൂടി ദുർബലമായ രൂപത്തിലാണെങ്കിൽ പോലും) തുടരുന്നുവെന്നാണ്.

എന്നുതന്നെയല്ല ആധുനിക ജനാധിപത്യ- സാമൂഹ്യ- രാഷ്ട്രീയ പ്രസ്ഥാനത്തിൻെറ ആവിർഭാവവും ബ്രിട്ടീഷ് ഭരണാധികാരികൾ നടപ്പാക്കിയ ഭരണഘടനാ "പരിഷ്ക്കാരങ്ങളു"ടെ ഭാഗമായ രാഷ്ട്രീയ ജനാധിപത്യത്തിൻെറ ആരംഭവും, വളർന്നുവന്നുകൊണ്ടിരിക്കുന്ന ബൂർഷ്വാ വർഗത്തിനുള്ളിൽ (ആ വർഗം തന്നെ ജാതീയമായി വിഭജിക്കപ്പെട്ടിരുന്നു) രാഷ്ട്രീയ മൽസരം വളർന്നുവരുന്നതിനിടയാക്കി. ബൂർഷ്വാവർഗ്ഗത്തിൻെറ ചിന്തയും പെരുമാറ്റവും അതിനാൽ, സാമുദായിക രൂപങ്ങൾ കൈക്കൊള്ളുകയുണ്ടായി. (അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ചിന്തയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കാതെയുമിരുന്നില്ല).

ഓരോരോ സംസ്ഥാനങ്ങളിലായി സമുദായിക നേതാക്കന്മാർ രൂപീകരിച്ച സാമൂഹ്യ- രാഷ്ട്രീയ സംഘടനകൾ, ആധുനിക രാഷ്ട്രീയ ജനാധിപത്യത്തിൻെറ ആദ്യകാല രൂപങ്ങളായിരുന്നു. അതിനാൽ അവർണജാതി ഹിന്ദുക്കളിൽപ്പെട്ട, അടിച്ചമർത്തപ്പെട്ടവരും പിന്നോക്കക്കാരുമായ ജനവിഭാഗങ്ങളെ സവർണജാതിക്കാരിൽപ്പെട്ടവർക്ക് എതിരായി അണിനിരത്താൻ ബ്രിട്ടീഷ് ഭരണാധികാരികൾക്കു കഴിഞ്ഞു. മദിരാശിയിലേയും ബോംബെയിലേയും അബ്രാഹ്മണപ്രസ്ഥാനങ്ങൾ, രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ട അധഃസ്ഥിതരുടെ അംബേദ്ക്കർ പ്രസ്ഥാനങ്ങൾ, സവർണ്ണ ജാതികളെയോ അവർണ്ണ ജാതികളെയോ അടിസ്ഥാനമാക്കിയുള്ള മറ്റു സംഘടനകളും പ്രസ്ഥാനങ്ങളും ഇവയെല്ലാം ബ്രിട്ടീഷ് ഭരണാധികാരികൾക്ക് സമർഥമാംവിധം ഉപയോഗിക്കാൻ കഴി

യുന്ന ഉപകരണങ്ങളായിത്തീർന്നത് അങ്ങനെയാണ്.

സ്വാതന്ത്ര്യസമരപ്രസ്ഥാനം വളർന്നുവന്നതോടെ മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും മറ്റു മതസമുദായങ്ങൾക്കും ഉള്ളപോലെ പ്രത്യേക നിയോജകമണ്ഡലങ്ങൾ വേണമെന്ന് ഹിന്ദുസമൂഹത്തിലെ അധഃസ്ഥിതരും പിന്നോക്കക്കാരുമായ ജാതിക്കാർ ആവശ്യപ്പെട്ടു. 1930ലെയും 1931-ലെയും ഒന്നും രണ്ടും വട്ടമേശസമ്മേളനങ്ങളിൽവെച്ച് ബ്രിട്ടീഷ് ഭരണാധികാരികൾ ആ ആവശ്യം അംഗീകരിച്ചു. അതിനെതിരായി ശബ്ദമുയർത്തിയ മഹാത്മാഗാന്ധി നിരാഹാരസമരം ആരംഭിച്ചു. തുടർന്ന് ഒരു ഒത്തുതീർപ്പുണ്ടായി. പ്രത്യേക നിയോജകമണ്ഡലങ്ങൾക്കു പകരം പട്ടികജാതിക്കാർക്കും ഹരിജനങ്ങൾക്കും ദളിതർക്കും പൊതു നിയോജക മണ്ഡലങ്ങളിൽ സംവരണം അനുവദിക്കുന്നതാണ്. അതുപോലെതന്നെ ഗവർമെൻറ് സർവീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും അവർക്ക് സംവരണവും ലഭിക്കും. അധഃസ്ഥിതവർഗങ്ങൾക്ക് കൈവന്ന ഈ നേട്ടങ്ങൾ കണ്ട മറ്റ് പിന്നോക്ക ഹിന്ദുജാതിക്കാർ തങ്ങൾക്കും ആ ആനുകൂല്യം ലഭിക്കണമെന്ന ആവശ്യം ഉന്നയിച്ചു.

ഇങ്ങനെയാണ് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയ്ക്ക് രൂപം നൽകിയ സമയത്ത്, അധഃസ്ഥിതവർഗങ്ങൾക്കും ഹരിജനങ്ങൾക്കും പട്ടികവർഗ്ഗങ്ങൾക്കും നിയമസഭയിലും അതുപോലെതന്നെ ഗവർമെണ്ട് സർവീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തിയത്. പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും ഹരിജനങ്ങളും ഒഴിച്ചുള്ള മറ്റ് പിന്നോക്കവിഭാഗക്കാർക്ക് സംവരണാനുകൂല്യം ലഭിക്കേണ്ടതാണെന്ന് സംസ്ഥാന ഗവർമെണ്ടുകൾ തീരുമാനിക്കുകയാണെങ്കിൽ, അവർക്കും ഗവർമെണ്ട് സർവീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും (നിയമസഭകളിൽ വേണ്ട) സംവരണം ലഭിക്കുന്നതിന്നുള്ള വകുപ്പും ഭരണഘടനയിലുണ്ട്. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും മാത്രമല്ല, മറ്റ് പിന്നോക്ക വിഭാഗക്കാർക്കും സംവരണം നൽകുന്നതിനുള്ള ഭരണഘടനയിലെ ഈ വകുപ്പ് പല സംസ്ഥാനങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

തൊഴിലാളിവർഗ്ഗ പ്രസ്ഥാനവും നമ്മുടെ പാർടിയും ഈ ആവശ്യത്തിന് എല്ലായ്പോഴും പിന്തുണ നൽകി വന്നിട്ടുണ്ട്. പ്രാങ് മുതലാളിത്ത ജാതി മർദ്ദനത്തിൽ നിന്ന് ഉയർന്നുവന്ന അടിച്ചമർത്തപ്പെട്ട ജാതികളുടെ പിന്നോക്കാവസ്ഥ ദൂരീകരിക്കുക എന്നത് ഫ്യൂഡൽ വിരുദ്ധ സമരത്തിൻെറ അവിഭാജ്യഘടകമാണ് എന്നതായിരുന്നു ഞങ്ങളുടെ അഭിപ്രായം. ഇപ്പോഴും ഞങ്ങളുടെ അഭിപ്രായം അതാണ്. പക്ഷേ സമൂഹവും രാഷ്ട്രവും പുരോഗമിച്ചതോടുകൂടി, "മുന്നോക്ക ജാതി"ക്കാരിൽ പെട്ട ദരിദ്രർക്ക് സംവരണമില്ലാത്ത അവസ്ഥയിൽ "മറ്റ് പിന്നോക്ക ജാതി"ക്കാരിൽ പെട്ട സമ്പന്നർക്ക് സംവരണം ലഭിക്കുന്നത്, 'മുന്നോക്ക ജാതി'ക്കാരും 'പിന്നോക്കജാതി'ക്കാരും തമ്മിലുള്ള തർക്കത്തിനു കാരണമായിത്തിർന്നു. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സംവരണം, അതി

ൻെറ പൂർണ്ണരൂപത്തിൽ തുടർന്നുകൊണ്ടിരിക്കുമ്പോൾതന്നെ , മറ്റ് പിന്നോക്ക വിഭാഗക്കാരിലെ "ക്രീമിലെയറി"നെ സംവരണത്തിൻെറ പരിധിയിൽ നിന്ന് ഒഴിവാക്കുക എന്ന ഒരു ഒത്തുതീർപ്പ് വ്യവസ്ഥ നിർദ്ദേശിക്കപ്പെടുകയുണ്ടായി.

രാഷ്ട്രീയപാർടികൾക്കിടയിൽ ഇതിന്നു പൊതുവിൽ അംഗീകാരം ലഭിച്ചു. ഇപ്പോൾ സുപ്രീംകോടതിയും അത് ആധികാരികമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സംവരണത്തെ പൊതുവിൽ അംഗീകരിക്കുമ്പോൾതന്നെ , ചില രാഷ്ട്രീയ പാർടികൾ, "ക്രീമിലെയർ" എന്ന ഫോർമുലയെ എതിർക്കുകയാണ്.

നമ്മുടെ പാർടി കൈക്കൊള്ളുന്ന നിലപാട് ഇതാണ്: പിന്നോക്കജാതിക്കാർക്ക് സംവരണം എന്നത് ശരിയായ, ന്യായയുക്തമായ ഒരാവശ്യമാണ്. അതേ അവസരത്തിൽ തന്നെ, ബൂർഷ്വാ-ഭൂപ്രഭു വർഗ്ഗ ഭരണത്തിന്നെതിരായ പൊതുസമരത്തിൽ ഹിന്ദു സമൂഹത്തിലെ 'മുന്നോക്കക്കാരി'ലും 'പിന്നോക്കക്കാരി'ലും പെട്ട ബഹുജനങ്ങളെയാകെ അണിനിരത്താൻ, എല്ലാ ശ്രമങ്ങളും നാം നടത്തേണ്ടതാണ്. അതുകൊണ്ടാണ് 'ക്രീമിലെയറി'നെ ഒഴിവാക്കുക എന്ന ഫോർമുല നാം അംഗീകരിക്കുന്നത്. 'പിന്നോക്കവർഗ്ഗങ്ങളി'ലെ മഹാഭൂരിപക്ഷത്തിനും സംവരണത്തിൻെറ പൂർണമായ ആനുകൂല്യം ലിഭിക്കുമ്പോൾതന്നെ, 'പിന്നോക്കജാതി'കളിലെ അർഹതപ്പെട്ടവർക്ക് മാത്രമേ സംവരണം ലഭിക്കുകയുള്ളൂ എന്ന് "മുന്നോക്കജാതി"ക്കാരായ ജനവിഭാഗങ്ങളെ ബോധ്യപ്പെടുത്താൻ അതുവഴി കഴിയും എന്നതാണതിന് കാരണം. ബൂർഷ്വാ-ഭൂപ്രഭു ഭരണവർഗ്ഗങ്ങൾക്ക് എതിരായ സമരം 'മുന്നോക്കജാതി'ക്കാർക്കും "പിന്നോക്കജാതി"ക്കാർക്കും ഒരുപോലെ പൊതുവായി താൽപര്യമുള്ള കാര്യമാണെന്ന് 'മുന്നോക്കജാതി"ക്കാരിലും "പിന്നോക്ക ജാതിക്കാരിലും" പെട്ട ബഹുജനങ്ങളെ ബോധ്യപ്പെടുത്താൻ നാം കഴിവുള്ളതെല്ലാം ചെയ്യണം എന്നതാണ് പ്രധാനകാര്യം.

## മതസമുദായങ്ങൾ

മതസമുദായങ്ങളുടെ പ്രശ്നം ഇതിനേക്കാൾ സങ്കീർണമാണ്. ഇന്ത്യയുടെ വടക്കൻ ഭാഗങ്ങളിലേക്ക് മുസ്ലീങ്ങൾ വന്നത് ആക്രമണകാരികളായിട്ടാണ്. ഹിന്ദു സമുദായത്തിലെയും മുസ്ലീം സമുദായത്തിലെയും ഭരണവർഗ്ഗങ്ങൾ തമ്മിൽ സ്വാഭാവികമായും സംഘട്ടനങ്ങളുണ്ടായിരുന്നു. ഈ രണ്ടു സമുദായങ്ങൾ തമ്മിലുള്ള ബന്ധത്തിൽ തിക്തമായ ഓർമ്മകൾ നിലനിൽക്കുന്നത് അതുകൊണ്ടാണ്.

പുരാതന മൗര്യ-ഗുപ്ത-ഹർഷ (തുടങ്ങിയ) സാമ്രാജ്യങ്ങളെ ഇന്ത്യാ ചരിത്രത്തിലെ മഹത്തായ കാലഘട്ടങ്ങളായി ഹിന്ദുക്കൾ നോക്കിക്കാണാൻ തുടങ്ങിയത് ഈ പശ്ചാത്തലത്തിലാണ്. അതിനാൽ അവരെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഭരണാധികാരികളിൽ നിന്നുള്ള സ്വാത

ന്ത്ര്യമെന്നത് പൗരാണിക (ഹിന്ദു) സാമ്രാജ്യങ്ങളുടെ പുനഃസ്ഥാപനമായിത്തോന്നി.

നേരെമറിച്ച് മുസ്ലീങ്ങളെ സംബന്ധിച്ചാണെങ്കിൽ, സ്വാതന്ത്ര്യമെന്നത്, ഡെൽഹി സുൽത്താനേറ്റിൻെറയും മുഗൾ സാമ്രാജ്യത്തിൻെറയും ഉയർത്തെഴുന്നേൽപ്പായാണ് തോന്നിയത്. ബ്രിട്ടീഷ് ഭരണത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെ സംബന്ധിച്ച് ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും സങ്കൽപങ്ങളിലുള്ള ഈ വൈരുദ്ധ്യത്തെ, സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്നെതിരായ തങ്ങളുടെ സമരത്തിൽ ബ്രിട്ടീഷ് ഭരണാധികാരികൾ വളരെ സമർത്ഥമായി ഉപയോഗപ്പെടുത്തുകയുണ്ടായി.

മാർക്സിൻെറ അഭിപ്രായത്തിൽ ഇന്ത്യയുടെ രാഷ്ട്രീയൈക്യം സ്ഥാപിക്കുന്നതിന് കാരണക്കാരായിത്തീർന്ന അതേ ബ്രിട്ടീഷ് ഭരണാധികാരികൾ തന്നെ, ഇന്ത്യയെ ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള ഇന്ത്യൻ യൂണിയനും മുസ്ലീങ്ങൾക്ക് ഭൂരിപക്ഷമുള്ള പാകിസ്താനും എന്ന് രണ്ടായി വിഭജിക്കുന്നതിനുള്ള (പുതിയ) കാരണക്കാരായും തീർന്നു എന്നതാണ് അതിൻെറ ഫലം. ഇതിന്നിടയിൽ സിക്കുമതത്തിലും ക്രിസ്തുമതത്തിലും മറ്റ് ന്യൂനപക്ഷ മതവിഭാഗങ്ങളിലും പെട്ട നിരവധി നേതാക്കന്മാരെ, വിഘടന സമുദായ പ്രസ്ഥാനങ്ങളിലേക്കും സംഘടനകളിലേക്കും കൊണ്ടുവരാനും ബ്രിട്ടീഷ് ഭരണാധികാരികൾക്ക് കഴിഞ്ഞു. അങ്ങനെയാണ് ഒന്നും രണ്ടും വട്ടമേശ സമ്മേളനങ്ങളിൽ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്നെതിരായി ഹിന്ദുക്കളല്ലാത്ത ന്യൂനപക്ഷ മതവിഭാഗങ്ങളെ മാത്രമല്ല, ഹിന്ദു സമുദായത്തിലെ പിന്നോക്ക വർഗ്ഗങ്ങളെപ്പോലും അണിനിരത്താൻ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് കഴിഞ്ഞത്.

ഹിന്ദു-മുസ്ലീം അടിസ്ഥാനത്തിൽ ഇന്ത്യ വിഭജിയ്ക്കപ്പെട്ടതിൻെറ ചരിത്രപരമായ പശ്ചാത്തലമിതാണ്. മാത്രമല്ല, സ്വാതന്ത്ര്യം ലഭിച്ചതിന്നുശേഷം, സിക്കിസ്ഥാൻ സ്ഥാപിക്കണം എന്ന ആവശ്യം ഉന്നയിക്കുന്ന ഘട്ടത്തിലേക്കുവരെ സിക്കുകാർ തങ്ങളുടെ വിഘടനവാദ പ്രസ്ഥാനം വളർത്തിക്കൊണ്ടുവന്നതിൻെറയും ചരിത്രപശ്ചാത്തലം ഇതാണ്. ഇന്ത്യയെ ഇന്ത്യൻ യൂണിയനെന്നും പാകിസ്താനെന്നും രണ്ടായി വിഭജിക്കുന്നതിനെ തടയാൻ കോൺഗ്രസിലെ ബൂർഷ്വാ നേതാക്കന്മാർക്ക് കഴിഞ്ഞില്ല എന്നുമാത്രമല്ല, ഖാലിസ്ഥാൻ പ്രസ്ഥാനം വളർന്നുവരുന്നത് തടയാനും അവർക്കുകഴിഞ്ഞില്ല. സിക്ക് വിഘടനവാദത്തിൻെറ ശക്തിദുർഗമായി മാറിക്കഴിഞ്ഞിരിക്കുകയാണ്, ഇന്ന് പഞ്ചാബ്.

അതിനാൽ മതവർഗീയതയുടെ വിവിധ രൂപങ്ങൾക്കും അതിൽ നിന്ന് ഉയർന്നുവരുന്ന വിഘടനവാദത്തിനും എതിരായ സമരം, ദേശീയൈക്യം കാത്തുസൂക്ഷിക്കുന്നതിനുള്ള സമരത്തിൻെറ അവിഭാജ്യമായ ഒരു ഭാഗമാണ്. എന്നാൽ ദേശീയൈക്യത്തിന്നുനേർക്കുള്ള യഥാർഥ ഭീഷണി, ഭൂരിപക്ഷ (ഹിന്ദു) വർഗീയതയിൽ നിന്നാണ് വരുന്നത്. മഹാത്മാഗാന്ധിയുടെ വധത്തിനു പിന്നിൽ പ്രവർത്തിച്ചത് ആർഎസ്എസ് എന്ന ഫാസിസ്റ്റ് ഹിന്ദു വർഗീയ സംഘടനയാണ്. ഹിന്ദു-മുസ്ലീം ഐക്യത്തി

ന്നുവേണ്ടി നിലകൊണ്ടു എന്ന കുറ്റത്തിന്നാണ് ആ ദേശീയ നേതാവ് വധിക്കപ്പെട്ടത്. പിന്നീട് ആർഎസ്എസ്, ബിജെപി, വിശ്വഹിന്ദുപരിഷത്ത്, ബജ്രംഗദൾ, ശിവസേന എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഇന്നത്തെ സംഘപരിവാറിലേക്ക് ആർഎസ്എസ് വികസിച്ചു.

അയോധ്യയിലെ 460 കൊല്ലം പഴക്കമുള്ള ബാബറിമസ്ജിദ് തകർത്തു തരിപ്പണമാക്കിയതും വാരണാസിയിലെയും മഥുരയിലെയും മുസ്ലീം പള്ളികളും തകർക്കുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതും ഇതേ സംഘടന തന്നെയാണ്. ഇന്ത്യയിലെ ഗവർമെണ്ടും ഭരണകൂടവും ഹിന്ദുരാഷ്ട്രമെന്ന നിലയിൽ വികസിപ്പിയ്ക്കണം എന്നാണവർ ആവശ്യപ്പെടുന്നത്.

ഹിന്ദു ജനവിഭാഗങ്ങളെ തങ്ങളുടെ "വോട്ട് ബാങ്ക്" ആക്കി ഉപയോഗപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഭരണ കോൺഗ്രസ് പാർടിയുടെ ബൂർഷ്വാ നേതാക്കന്മാർ ഈ വർഗീയ ഫാസിസ്റ്റ് സംഘടനയെ പ്രീണിപ്പിക്കുകയും ചെയ്യുന്നു. രാമജന്മഭൂമിയുടെ കാര്യത്തിൽ കോൺഗ്രസ് ഭരണാധികാരികൾ കൈക്കൊണ്ട നാണം കെട്ട നിലപാടിൽ നിന്ന് അത് വ്യക്തമാകും. അതിനാൽ മത വർഗീയതയ്ക്ക് എതിരായി പൊതുവിലും ഭൂരിപക്ഷ (ഹിന്ദു) വർഗീയതയ്ക്ക് എതിരായി പ്രത്യേകിച്ചും സിപിഐ (എം)നും മറ്റ് ഇടതുപക്ഷ പാർടികൾക്കും വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തേണ്ടതുണ്ട്.

പക്ഷേ, മതവർഗീയതയ്ക്ക് എതിരായി സമരം നടത്തുമ്പോൾ സാധാരണജനങ്ങളുടെ അഗാധമായ മതവികാരങ്ങളെ വ്രണപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഭൂരിപക്ഷ മതവിഭാഗത്തിലും അതു-പോലെതന്നെ ന്യൂനപക്ഷ മതവിഭാഗങ്ങളിലും പെട്ട സാധാരണ ജനങ്ങളുടെ വികാരങ്ങളെ നാം എതിർക്കുന്നില്ല. യഥാർഥത്തിൽ നാം അവയെ ബഹുമാനിയ്ക്കുകയാണ് ചെയ്യുന്നത്. ബുർഷ്വാ യുക്തിവാദികളിൽ നിന്ന് നാം വേറിട്ടു നിൽക്കുന്നത് ഇക്കാര്യത്തിലാണ്. "മതത്തിന്നെതിരായ കുരിശുയുദ്ധം" എന്നത് അവരെ സംബന്ധിച്ചിടത്തോളം ഒരേയൊരു കടമയല്ലെങ്കിൽ മുഖ്യ കടമയെങ്കിലുമാണ്. എന്നാൽ നേരെമറിച്ച് നമ്മെ സംബന്ധിച്ചിടത്തോളം, മാർക്സിസ്റ്റുകാരും വിശ്വാസികളും കൂട്ടു-ചേർന്നുകൊണ്ടുള്ള വർഗ്ഗസമരമാണ് മുഖ്യമായ കടമ. മതത്തിന്നെതിരായ നമ്മുടെ ആശയസമരത്തെ, വർഗ്ഗസമരത്തിൻെറ അടിസ്ഥാനത്തിൽ വിശ്വാസികളുമായുള്ള ഐക്യവുമായി ബന്ധിപ്പിക്കേണ്ടതുണ്ട്.

സങ്കുചിത കക്ഷി രാഷ്ട്രീയ താൽപര്യങ്ങൾക്കുവേണ്ടി മതത്തെ ദുരുപയോഗപ്പെടുത്തുന്നതിന്നനുവദിയ്ക്കാൻ നാം തയ്യാറില്ല. മതപരമായ കാര്യങ്ങളിൽ ഭരണകൂടം ഇടപെടുകയോ ഭരണ കാര്യങ്ങളിൽ മതം ഇടപെടുകയോ ചെയ്യരുത് എന്ന മതനിരപേക്ഷ തത്വത്തിലാണ് നാം ഉറച്ചുവിശ്വസിക്കുന്നത്.

അതുകൊണ്ടാണ് രാഷ്ട്രീയത്തെ മതത്തിൽ നിന്ന് വേർപെടുത്തുന്നതിന്നായി നരസിംഹറാവു ഗവർമെണ്ട് കൊണ്ടുവന്ന ബില്ലുകൾക്ക്-അതി

ലെ ചില വകുപ്പുകളോട് നമുക്ക് ശക്തമായ വിമർശനമുണ്ടായിരുന്നുവെങ്കിലും-നാം പൊതുവിൽ പിന്തുണ നൽകിയത്. രാഷ്ട്രീയ കാര്യങ്ങളിൽ മതം ഇടപെടുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നതിന്നായി പിൻതിരിപ്പൻ രാഷ്ട്രീയശക്തികളുമായി മതസമുദായങ്ങളിലെ നേതാക്കളിൽ ഭൂരിഭാഗവും കൈകോർത്തുപിടിക്കുന്ന അവസരത്തിൽ തന്നെ, നിരവധി സാധാരണക്കാരും മതാധ്യക്ഷന്മാരിൽ ഒരു വിഭാഗവും മതത്തെ രാഷ്ട്രീയത്തിൽ നിന്ന് വേർപെടുത്തുന്നതിന് അനുകൂലമാണ് എന്ന കാര്യം നാം ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. മതനിരപേക്ഷതക്കുവേണ്ടിയുള്ള സമരത്തിൽ രാജ്യത്തെ ഇടതുപക്ഷ-മതനിരപേക്ഷ ജനാധിപത്യ ശക്തികളുമായി കൈകോർക്കുന്ന മതനേതാക്കന്മാരുടെ സംഖ്യ കൂടിക്കൂടി വരികയാണ്. അത്തരം മത സമുദായ നേതാക്കന്മാരും ഇടതുപക്ഷ-മതനിരപേക്ഷ-ജനാധിപത്യ പ്രസ്ഥാനങ്ങളുമായുള്ള ഐക്യം വളർത്തിയെടുക്കാൻ കിട്ടുന്ന എല്ലാ സന്ദർഭങ്ങളും ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

## ഗോത്രവർഗ്ഗപ്രശ്നം

രാജ്യത്തിൻെറ പല ഭാഗങ്ങളിലും വളരെയധികം പ്രാധാന്യമർഹിക്കുന്ന മറ്റൊരു പ്രശ്നം, ഗോത്രവർഗ്ഗക്കാരെയും അവരുടെ സാമൂഹ്യ-രാഷ്ട്രീയാവകാശങ്ങളെയും സംബന്ധിച്ചതാണ്.

ഗോത്രവർഗ്ഗക്കാർ സമുദായാംഗങ്ങളെന്ന നിലയിൽ തന്നെ, അടിച്ചമർത്തപ്പെട്ടവരും ചൂഷണം ചെയ്യപ്പെട്ടവരും ആണ്. അവരുടെ ന്യായമായ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക- വികസന-മോഹങ്ങളെല്ലാം തന്നെ അടിച്ചമർത്തപ്പെട്ടിരിക്കുകയാണ്. അതിനാൽ മതനിരപേക്ഷ-ജനാധിപത്യ പ്രസ്ഥാനം വളർത്തിയെടുക്കുന്നതിന്നുള്ള നമ്മുടെ പരിപാടിയുടെ ഒരു ഭാഗമായിരിക്കണം അവർ. ഓരോ ഗോത്രവർഗ്ഗസമുദായവും ആ സമുദായം അധിവസിക്കുന്ന ഓരോ പ്രദേശവും, സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക ആവശ്യങ്ങൾ മാത്രമല്ല രാഷ്ട്രീയാവകാശങ്ങളും നേടാൻ കൊതിക്കുകയാണ്. അതുകൊണ്ടാണ് നമ്മുടെ പാർടി പരിപാടിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നത്:

"ഗോത്രവർഗ്ഗ മേലഖകൾക്ക്, അഥവാ, ജനസംഖ്യയിൽ വംശിയ ഘടന പരിഗണനാർഹമാം വിധം സവിശേഷത അർഹിക്കുന്നതും പ്രത്യേക സാമൂഹ്യ-സാംസ്കാരിക-പരിത:സ്ഥിതികളാൽ വേർതിരിഞ്ഞു നിൽക്കുന്നതുമായ മേഖലകൾക്ക്, അതതു സംസ്ഥാനങ്ങൾക്കുള്ളിൽ പ്രാദേശിക ഗവർമെണ്ടുകളോടു കൂടിയ പ്രാദേശിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്. ഗവർമെണ്ടിൽ നിന്ന് അതിന്ന് പൂർണമായ സഹായം ലഭിക്കുന്നതുമാണ്".

ദേശീയതകളും (അഥവാ ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ സംസ്ഥാനങ്ങളും) ഗോത്രവർഗ്ഗ സമുദായങ്ങളും തമ്മിൽ വേർതിരിവ്

ആവശ്യമാണ്. ഇന്ത്യൻ യൂണിയൻെറ ഘടകസംസ്ഥാന ങ്ങളായിരിക്കാൻ തക്ക വിധത്തിൽ വേണ്ടത്ര വിസ്തൃതിയോടുകൂടിയവയാണ് ആദ്യം പറഞ്ഞവ. നേരെമറിച്ച്, പ്രത്യേക സംസ്ഥാനങ്ങളായി രൂപീകരിക്കാൻ കഴിയാത്ത വിധത്തിൽ ചെറിയ പ്രദേശങ്ങളാണ് ഗോത്രവർഗ്ഗപ്രദേശങ്ങൾ. ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ നിലവിലുള്ള സംസ്ഥാനത്തിന്നുള്ളിൽത്തന്നെ, വ്യതിരിക്തമായ ഒരു രാഷ്ട്രീയ ഘടകമാണ് തങ്ങളുടെ മേഖല എന്ന സംതൃപ്തി, എന്തായാലും അവർക്ക് ഉണ്ടായിരിക്കണം. ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ സംസ്ഥാനങ്ങൾ അഥവാ ദേശീയതകളും പുതിയ സംസ്ഥാനങ്ങൾ വേണമെന്ന ചില വിഭാഗങ്ങളിൽ നിന്നുള്ള ആവശ്യവും തമ്മിൽ വേർതിരിച്ചറിയാതെ പല സഖാക്കളും ആശയക്കുഴപ്പത്തിലാണ് എന്നതിനാൽ ഇത് പ്രത്യേകം ഓർത്തിരിക്കേണ്ടത് അത്യാവശ്യമാണ്.

## ഭാഷയും ദേശീയതയും

എല്ലാവർക്കും അറിയാവുന്നതുപോലെ ഇന്ത്യ ഒരു ബഹുഭാഷാരാഷ്ട്രമാണ്. ഓരോ ഭാഷാ സാംസ്കാരിക വിഭാഗത്തിന്നും ഏകീകൃത ഇന്ത്യൻ യൂണിയനുള്ളിൽ അതിനെ ഒരു ദേശീയതയാക്കി നിലനിർത്തുന്ന പൊതുവായ സവിശേഷതയുണ്ട്. പാർലമെണ്ടിലെ നടപടികളുടെ കാര്യത്തിലും കേന്ദ്രഭരണത്തിൻെറ കാര്യത്തിലും "ദേശീയ ഭാഷകൾക്കെല്ലാം സമത്വം" വേണമെന്നാണ് നമ്മുടെ പാർടി പരിപാടി ആവശ്യപ്പെടുന്നത്. അതിലിങ്ങനെ പറയുന്നു:

"ഏത് ദേശീയ ഭാഷയിലും സംസാരിക്കാനുള്ള അവകാശം പാർലമെണ്ട് അംഗങ്ങൾക്ക് ഉണ്ടായിരിക്കണം; അതോടൊപ്പം മറ്റെല്ലാ ദേശീയ ഭാഷകളിലേക്കും ഒരേസമയത്ത് അത് തർജ്ജമ ചെയ്യപ്പെടുകയും വേണം. എല്ലാ നിയമങ്ങളും ഗവർമെണ്ട് ഓർഡറുകളും പ്രമേയങ്ങളും എല്ലാ ദേശീയ ഭാഷകളിലും ലഭ്യമാക്കണം. ഔദ്യോഗികഭാഷ എന്ന നിലയിലുള്ള ഹിന്ദിയുടെ ഉപയോഗം നിർബ്ബന്ധമാക്കരുത്. സാമ്പത്തികവും സാമൂഹ്യവും ബൗദ്ധികവുമായ ഇടപെടലിനിടയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾ, തങ്ങളുടെ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പരസ്പരബന്ധഭാഷയെ പ്രായോഗികമായി വളർത്തിക്കൊണ്ടുവരുന്നതായിരിക്കും. ഭരണം, നിയമനിർമ്മാണം, നീതിന്യായം, ബോധനമാധ്യമം എന്നീ മേഖലകളിലൊക്കെ ഇംഗ്ലീഷ് ഉപയോഗിക്കുന്നത് അവസാനിപ്പിക്കേണ്ടതാണ്. അതിൻെറ സ്ഥാനത്ത് ദേശീയ ഭാഷകൾ ഉപയോഗിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തങ്ങളുടെ മാതൃഭാഷയിലൂടെ അധ്യയനം നടത്താനുള്ള ജനങ്ങളുടെ അവകാശം, ഒരു പ്രത്യേക ഭാഷാ സംസ്ഥാനത്തിലെ ദേശീയ ഭാഷ ആ സംസ്ഥാനത്തിൻെറ ഭരണഭാഷയാ

യി ഉപയോഗിയ്ക്കൽ, അതതു സംസ്ഥാനത്തിന്റെ ഭാഷയ്ക്കു പുറമേ, ആവശ്യമായേടങ്ങളിൽ ന്യൂനപക്ഷത്തിന്റേയോ ന്യൂനപക്ഷങ്ങളുടേയോ പ്രാദേശിക വിഭാഗങ്ങളുടേയോ ഭാഷ കൂടി ഉപയോഗിയ്ക്കൽ-ഇതൊക്കെ നടപ്പാക്കപ്പെടേണ്ടതുണ്ട്. ഉറുദുഭാഷയും അതിന്റെ ലിപിയും സംരക്ഷിക്കപ്പെടണം".

മേൽക്കൊടുത്ത ഉദ്ധരണി രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്.

ഒന്നാമത്, രാജ്യം ബ്രിട്ടീഷ്കാരാൽ ഭരിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ, ഭരണ-നിയമനിർമ്മാണ-വിദ്യാഭ്യാസമേഖലകളിൽ മേധാവിത്വം വഹിച്ചിരുന്ന ഇംഗ്ലീഷ് ഭാഷയ്ക്ക് ആ പ്രബല സ്ഥാനം നഷ്ടപ്പെടുന്നതായിരിക്കും.

ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കപ്പെടുകയില്ലെന്നോ, പഠിക്കുകയില്ലെന്നോ അല്ല അതിന്നർത്ഥം. ശാസ്ത്രങ്ങളും മറ്റും പഠിയ്ക്കുമ്പോൾ ഒരു ഭാഷ എന്ന നിലയ്ക്ക് അതിന്ന് അർഹമായ സ്ഥാനം തീർച്ചയായും ലഭിക്കുന്നതായിരിക്കും. പക്ഷേ ബോധനമാധ്യമം എന്ന നിലയിലോ ഭരണഭാഷ എന്ന നിലയിലോ അതിന്നുണ്ടായിരുന്ന സവിശേഷാവകാശം ഉണ്ടായിരിക്കുന്നതല്ല.

രണ്ടാമത്, ഇംഗ്ലീഷിന്നു പകരം ഹിന്ദി വരില്ല. ഇംഗ്ലീഷിന്നുപകരം വരുന്ന ഭാഷ, അതതു പ്രത്യേക ഭാഷാസംസ്ഥാനത്തിലെ ദേശീയഭാഷയോ പ്രാദേശിക ഭാഷയോ ആയിരിക്കും. സ്വന്തം മാതൃഭാഷയിൽ കേന്ദ്ര ഗവർമെണ്ടിലേക്ക് കത്തയയ്ക്കാനുള്ള അവകാശം ഓരോ പൗരന്നും ഉണ്ടായിരിക്കും. അതോടൊപ്പം, അതേ ഭാഷയിൽതന്നെ മറുപടി ലഭിക്കാനുള്ള അവകാശവും ഓരോ പൗരന്നും ഉണ്ടായിരിക്കും. സ്വന്തം മാതൃഭാഷയിൽ പ്രസംഗം നടത്താനുള്ള അവകാശം പാർലമെണ്ട് അംഗങ്ങൾക്ക് ഉണ്ടായിരിക്കും. അതോടൊപ്പം തന്നെ മറ്റ് ദേശീയ ഭാഷകളിൽ നടത്തപ്പെട്ട പ്രസംഗങ്ങൾ അതേ അവസരത്തിൽ തന്നെ തങ്ങളുടെ മാതൃഭാഷയിലേക്ക് തർജ്ജമ ചെയ്ത് ലഭിക്കുന്നതിനുള്ള അവകാശവും ഉണ്ടായിരിക്കുന്നതാണ്.

ഇംഗ്ലീഷിന്നു പകരം എല്ലാ ദേശീയ ഭാഷകളുടെയും-അതായത് ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ സംസ്ഥാനങ്ങളിലെ ഭൂരിപക്ഷം ജനങ്ങൾ സംസാരിക്കുന്ന ഭാഷകളുടെ-സമത്വം ഉണ്ടാകുന്നത് അങ്ങിനെയാണ്.

ഇംഗ്ലീഷും ഹിന്ദിയും രണ്ട് ബന്ധഭാഷകളായി ഉപയോഗിക്കാം എന്ന ഒരു നിർദ്ദേശം പലപ്പോഴും ഉന്നയിക്കപ്പെടാറുണ്ട്. എല്ലാ ദേശീയഭാഷകളുടെയും സമത്വം എന്ന തത്വത്തിന്റെ കടയ്ക്കൽ തന്നെയാണ് ഇതു കത്തിവെയ്ക്കുന്നത്. ആ തത്വത്തിന്റെ സാരാംശം ഇതാണല്ലോ.

1. കേന്ദ്ര ഗവർമെണ്ടുമായി സ്വന്തം മാതൃഭാഷയിൽ കത്തിടപാട് നടത്താൻ ഓരോ പൗരനും ഉള്ള അവകാശവും അതേ ഭാഷയിൽ മറുപടി ലഭിയ്ക്കാനുള്ള അവകാശവും. 2. സ്വന്തം മാതൃഭാഷയിൽ പ്രസംഗിക്കാൻ ഓരോ പാർലമെണ്ട് അംഗത്തിന്നുമുള്ള അവകാശവും മറ്റ് ഭാഷകളിൽ നടത്തപ്പെടുന്ന പ്രസംഗങ്ങൾ തങ്ങളുടെ മാതൃഭാഷയിലേക്ക് തർജ്ജമ ചെയ്ത ലഭിക്കുന്നതിന്നുള്ള അവകാശവും.

## ഇന്ത്യ: ഒരു ബഹുദേശീയ ഏകീകൃത രാഷ്ട്രം

ഇതുമായി ബന്ധപ്പെട്ടുകൊണ്ട് നാം പരിഹരിക്കേണ്ട മറ്റൊരു പ്രശ്നം ഇന്ത്യയുടെ ബഹുദേശീയ സ്വഭാവമാണ്. 1940 കളിലാണ് ആദ്യമായി അവിഭക്തകമ്മ്യൂണിസ്റ്റ്പാർടി ഈ പ്രശ്നത്തെക്കുറിച്ച് സൂചിപ്പിക്കുന്നത്. ഇന്ത്യയെക്കുറിച്ച് പരസ്പരവിരുദ്ധമായ രണ്ട് സങ്കൽപങ്ങളാണ് അക്കാലത്ത് നിലവിലുണ്ടായിരുന്നത്. ഇംഗ്ലണ്ടിനേയും ഫ്രാൻസിനെയും ആസ്ത്രേലിയയേയും മറ്റും പോലെ ഒരു ഏകീകൃത ഇന്ത്യൻ രാഷ്ട്രം എന്നതാണ് അതിലൊന്ന്. കോൺഗ്രസും മിതവാദികളും ഹിന്ദുമഹാസഭയും മറ്റുമാണ് ആ സങ്കൽപനം ഉയർത്തിപ്പിടിച്ചത്. ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ട് ജനതകളാണ് എന്ന സങ്കൽപനം ആണ് രണ്ടാമത്തേത്. മുസ്ലീം ലീഗാണ് അതിന്നുവേണ്ടിവാദിച്ചത്. എന്നാൽ ഇതിൽനിന്ന് രണ്ടിൽ നിന്നും വ്യത്യസ്തമായി ഏകീകൃത ഫെഡറൽ ഭരണകൂടത്തോടു കൂടിയ ഒരു ബഹുദേശീയ രാഷ്ട്രമാണ് ഇന്ത്യ എന്ന് നമ്മുടെ പാർടിവാദിച്ചു. ദേശീയതകളെക്കുറിച്ചുള്ള ലെനിൻെറയും സ്റ്റാലിൻെറയും സിദ്ധാന്തം ഉപയോഗിച്ചുകൊണ്ട്, ഭാഷയുടെയും സംസ്കാരത്തിൻെറയും അടിസ്ഥാനത്തിൽ രൂപീകൃതമായ സംസ്ഥാനഘടകങ്ങളടങ്ങിയ സംഗ്രഥിത ഫെഡറൽ രാഷ്ട്രമായിരിക്കണം ഭാവിയിലെ ഇന്ത്യ എന്ന് അവിഭക്ത സിപിഐ നിർദ്ദേശിച്ചു.

കോൺഗ്രസും മുസ്ലീം ലീഗും ഒരേപോലെ സാമ്രാജ്യവിരുദ്ധ ജനാധിപത്യ പാർടികളാണ് എന്ന പരിഗണന മൗലികമായ രാഷ്ട്രീയാബദ്ധമായിരുന്നെങ്കിലും (ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുന്നതിന്നുള്ള സമരത്തിലെ മർമപ്രധാനമായ തന്ത്രം കോൺഗ്രസ് -ലീഗ് ഐക്യമാണെന്ന മുദ്രാവാക്യം അതിൽ നിന്ന് ഉയർന്നുവന്നതാണ്) ഏകീകൃതമെങ്കിലും ബഹുദേശീയ ഇന്ത്യ എന്ന സങ്കൽപനം ശരിയായ അടിസ്ഥാനത്തോടുകൂടിയതായിരുന്നു. ഇന്ത്യയെക്കുറിച്ചുള്ള നമ്മുടെ സങ്കൽപനം ഒരു ഫെഡറൽ യൂണിയൻ എന്നതായിരുന്നു. നാഷൻ സ്റ്റേറ്റുകളുടെ ബഹുത്വം എന്നതായിരുന്നില്ല എന്ന കാര്യം ഓർക്കേണ്ടതുണ്ട്. സ്വാതന്ത്ര്യസമരത്തിലൂടെ രൂപം കൊണ്ട ഇന്ത്യൻ ജനതയുടെ രാഷ്ട്രീയൈക്യം സ്വാത

ന്ത്ര്യാനന്തര ജനാധിപത്യ സമരത്തിലൂടെ ദൃഢീകരിക്കേണ്ടതുണ്ടായിരുന്നു.

പാകിസ്താൻ-ഇന്ത്യൻ ദേശീയതകളെ സംബന്ധിച്ച പ്രശ്നത്തോടുള്ള സമീപനത്തിൽ നമ്മുടെ പാർടി മുന്നോട്ടുവെച്ച മുദ്രാവാക്യവും നിർദ്ദേശവും മൗലികമായി ന്യായയുക്തമാണെങ്കിൽത്തന്നെയും ദേശീയതകളെക്കുറിച്ചുള്ള ലെനിൻ -സ്റ്റാലിൻ സിദ്ധാന്തത്തിൻെറ സാരാംശമായ, ഇന്ത്യൻ യൂണിയനിൽ നിന്ന് വിട്ടുപോകാനുള്ള അവകാശമടക്കമുള്ള സ്വയം നിർണയാവകാശത്തെക്കുറിച്ച് പരിഗണിയ്ക്കാനുള്ള ഒരു പ്രവണത നമ്മുടെ പാർടിക്കുള്ളിലുണ്ടായിരുന്നു. സി പി ഐ (എം)ൻെറ ഇന്നത്തെ പാർട്ടി പരിപാടി അംഗീകരിച്ച 1964ലെ ഏഴാം പാർടി കോൺഗ്രസിൽ വെച്ച് തീവ്രമായ ചർച്ച നടക്കുന്നതിന് ഇതിടയാക്കി എന്നു നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

പിന്നീട് ആ ചർച്ച ഒമ്പതാം കോൺഗ്രസിലാണ് നടന്നത്. ഇന്ത്യയിലെ ദേശീയതകളെ സംബന്ധിച്ച പ്രശ്നത്തോടുള്ള പാർടിയുടെ സമീപനത്തിന് രൂപം നൽകിയത് ആ കോൺഗ്രസാണ്. ദേശീയതകളെ സംബന്ധിച്ച മാർക്സിസ്റ്റ് സിദ്ധാന്തം ഇന്ത്യയുടെ കാര്യത്തിൽ പ്രയോഗിക്കുന്നതിൻെറ സൈദ്ധാന്തികവും പ്രായോഗികവുമായ വിവക്ഷകളെക്കുറിച്ച് ആ കോൺഗ്രസ് ഒരു പ്രത്യേക രേഖയും അംഗീകരിക്കുകയുണ്ടായി.

ആ കുറിപ്പിൽ ഒരു പ്രത്യേകത എടുത്തു പറഞ്ഞിരുന്നു: സാറിസ്റ്റ് റഷ്യയിൽ രാജ്യത്തെ മറ്റെല്ലാ ദേശീയതകളുടെയും മേലെ റഷ്യൻ ദേശീയത മേധാവിത്വം പുലർത്തിയിരുന്നു. മറ്റെല്ലാ ദേശീയതകളെയും അടിച്ചമർത്തുന്ന ദേശീയതയായിത്തീർന്നു അത്. എന്നാൽ ഇന്ത്യയിലാകട്ടെ, മറ്റ് ദേശീയതകളെയെല്ലാം അടിച്ചമർത്തുന്ന ഏതെങ്കിലും ഒരൊറ്റ ദേശീയതയുണ്ടെന്ന് കണക്കാക്കാൻ സാധ്യമല്ല. നേരെമറിച്ച് സംഖ്യാപരമായി രാജ്യത്തെ ഏറ്റവും വലിയ ദേശീയതയായ ഹിന്ദി സംസാരിക്കുന്ന ജനങ്ങളടക്കം ഇന്ത്യയിൽ ജീവിക്കുന്ന എല്ലാ ദേശീയതകളും 1947 വരെ ബ്രിട്ടീഷ് സാമ്രാജ്യത്വത്താൽ അടിച്ചമർത്തപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു: 1947നു ശേഷമാകട്ടെ, അവർ പുതിയ ബൂർഷ്വാ-ഭൂപ്രഭു ഭരണവർഗങ്ങളാലും അടിച്ചമർത്തപ്പെട്ടുവന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്നെതിരായി ഒരു നൂറ്റാണ്ട് കാലം നീണ്ടുനിന്ന സമരത്തിന്നിടയിലാണ്, നമ്മുടെ രാജ്യം ഒരു ഏകീകൃത തൊഴിലാളിവർഗ്ഗത്തിനും ഏകീകൃത കർഷകജനസാമാന്യത്തിന്നും മറ്റെല്ലാ അധ്വാനിക്കുന്ന ജനങ്ങളുടെ ഏകീകൃത വിഭാഗങ്ങൾക്കും ജന്മം നൽകിയത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്നെതിരായ സമരത്തിന്നിടയിൽ വളർന്നുവന്ന അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഈ ഐക്യം നാം ഇന്നു കാത്തുസൂക്ഷിക്കുകയും സ്വതന്ത്ര ഇന്ത്യയിലെ

പുതിയ ഭരണവർഗ്ഗങ്ങൾക്ക് എതിരായ സമരത്തിന്നിടയിൽ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

## ഉപസംഹാരം

ദേശീയൈക്യത്തിൻെറ പ്രശ്നങ്ങളെ സംബന്ധിച്ചതാണ്, അതായത്, ജാതീയത, മതവർഗീയത, ഭാഷാപരവും ഗോത്രപരവുമായ വിഘടനവാദവും സങ്കുചിത ദേശീയവാദവും, കേന്ദ്ര- സംസ്ഥാന ബന്ധങ്ങൾ, ജനാധിപത്യപരമായ സംസ്കാരം തുടങ്ങിയ പ്രശ്നങ്ങളെ സംബന്ധിച്ചതാണ് ഈ ക്ലാസ് എന്നു കാണാം. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ജനകീയ ജനാധിപത്യ സമരത്തിൻെറ ഇന്നത്തെ പശ്ചാത്തലത്തിലാണ് ഈ പ്രശ്നങ്ങളെയെല്ലാം പരാമർശിച്ചിട്ടുള്ളത്.

അധ്വാനിക്കുന്ന ജനങ്ങൾക്കെല്ലാം പൂർണവും യഥാർഥവുമായ ജനാധിപത്യം-ജാതിയും ജാതിയും തമ്മിലും മതസമുദായങ്ങളും മതസമുദായവും തമ്മിലും ഗോത്രവും ഗോത്രവും തമ്മിലും ഭാഷയും ഭാഷയും തമ്മിലും മേഖലയും മേഖലയും തമ്മിലും മറ്റും യാതൊരു വിവേചനവും ഇല്ലാത്ത ഒരു രാഷ്ട്രവും സമൂഹവും എന്നതാണ്, ദേശീയതകളെ സംബന്ധിച്ച പ്രശ്നത്തോടുള്ള നമ്മുടെ സമീപനത്തിൻെറ അന്തഃസത്ത. ആ ദേശീയതകൾക്ക് ഇന്ത്യയിൽ നിന്ന് വിട്ടുപോകാനുള്ള അവകാശമുണ്ടായിരിക്കുകയില്ലെങ്കിലും തങ്ങളുടെ വ്യതിരിക്തമായ രാഷ്ട്രീയ സവിശേഷ വ്യക്തിത്വം കാത്തു സൂക്ഷിക്കാനുള്ള അവകാശമുണ്ടായിരിക്കും.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇന്ത്യൻ യൂണിയനിലെ ഓരോ ഘടകത്തിൻെറയും സവിശേഷ വ്യക്തിത്വങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ തന്നെ, ഇന്ത്യ ഒന്നാണ്, അവിഭാജ്യമാണ്.

മതത്തെ രാഷ്ട്രീയത്തിൽ നിന്ന് പൂർണമായും വേർപെടുത്തുമ്പോൾ തന്നെ ഏതെങ്കിലും മതത്തിൽ വിശ്വസിയ്ക്കാനും ആചരിയ്ക്കാനും അഥവാ ഒരു മതത്തിലും വിശ്വസിയ്ക്കാതിരിക്കാനും ഉള്ള അവകാശം പൂർണമായും സംരക്ഷിക്കപ്പെടും.

ജാതിമേധാവിത്വത്തിന്നെതിരായ സമരം വിജയം വരിക്കും. എല്ലാ ഭാഷകളും ഒരേ വിധത്തിൽ തഴച്ചുവളരും.

നാം ഇന്ന് അഭിമുഖീകരിക്കുന്ന ദേശീയൈക്യത്തിൻെറ എല്ലാ പ്രശ്നങ്ങൾക്കും ഉള്ള, ജനാധിപത്യപരവും യുക്തിയുക്തവുമായ പരിഹാരം ഇതാണ്. പൂർണമായും സ്വയം നിർണയാവകാശത്തോടു കൂടിയതും ജനാധിപത്യശൈലിയിലുള്ളതുമായ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ

സമരസംഘടനകളോടൊപ്പം നമ്മുടെ പാർടിയുടെ ആശയപരവും രാഷ്ട്രീയവും സംഘടനാപരവുമായ പ്രവർത്തനങ്ങളാണണ്, ദേശീയൈക്യത്തെ സംബന്ധിച്ച ഈ സങ്കൽപനം പൂർണമായും യഥാർഥമായും നടപ്പിലാക്കപ്പെടും എന്നുള്ളതിനുള്ള ഒരേയൊരു ഉറപ്പ്.

അനുബന്ധം: 1. ഭരണകൂട ഘടനയെക്കുറിച്ച് പാർടി പരിപാടി 2. ഇന്ത്യയിലെ ദേശീയ പ്രശ്നം.

## ജനകീയ ജനാധിപത്യത്തിൻെറ ഭരണകൂടഘടന

ഇന്ത്യയിലെ വിഭിന്ന ദേശീയജനവിഭാഗങ്ങളുടെ സ്വമേധയാ ഉള്ള യൂണിയനായിരിക്കും ജനകീയ ജനാധിപത്യ ഇന്ത്യ.

സ്വയംഭരണാവകാശം നിഷേധിച്ചുകൊണ്ട് കേന്ദ്രീകരണത്തിനു വേണ്ടിയുള്ള ഭരണവർഗങ്ങളുടെ നീക്കത്തിന് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി (മാർക്സിസ്റ്റ്) എതിരാണ്. എല്ലാ ശിഥിലീകരണ-വേറിട്ടുപോകൽ പ്രസ്ഥാനങ്ങൾക്കും അത് എതിരാണ്.

യഥാർഥ തുല്യതയിലും സ്വയംഭരണാവകാശത്തിലും അടിയുറപ്പിച്ചുകൊണ്ട്, ഈ രാജ്യത്ത് പാർത്തുവരുന്ന വിവിധ ദേശീയജനതകളുടെ ഐക്യത്തെ നിലനിർത്താനും ഊട്ടിവളർത്താനും താഴെ വിവരിച്ചിരിക്കുന്നതുപോലെ ഒരു ജനാധിപത്യ ഭരണകൂടഘടനക്ക് രൂപം കൊടുക്കുവാനും വേണ്ടി ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി (മാർക്സിസ്റ്റ്) പ്രവർത്തിക്കുന്നു.

1. ജനാധിപത്യ കേന്ദ്രീകരണത്തിൻെറ അടിസ്ഥാനത്തിലുള്ള ഒരു ഫെഡറേഷനായിരിക്കും ഇന്ത്യൻ യൂണിയൻ.

2. പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കും. ഭരണകൂടത്തിൻെറ എല്ലാ ഘടകങ്ങളും ജനങ്ങളോട് നേരിട്ട് ഉത്തരവാദപ്പെട്ടിരിക്കും. പ്രായപൂർത്തി വോട്ടവകാശത്തിൻെറയും ആനുപാതിക പ്രാതിനിധ്യത്തിൻെറയും അടിസ്ഥാനത്തിൽ തിരിച്ചുവിളിക്കലിന് വിധേയമായി, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലായിരിക്കും ഭരണകൂടത്തെ പ്രവർത്തിപ്പിക്കുന്നതിനുള്ള പരമാധികാരം.

പാർലമെൻറ്, സംസ്ഥാന നിയമസഭകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലേക്ക് 18 വയസെത്തിയ എല്ലാ പൗരൻമാർക്കും സാർവത്രികവും സമത്വാധിഷ്ഠിതവും നേരിട്ടുള്ളതുമായ വോട്ടവകാശം

നൽകുന്നതായിരിക്കും. എല്ലാ പ്രാതിനിധ്യ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുക്കപ്പെടാനുള്ള വോട്ടറുടെ അവകാശത്തിനും രഹസ്യബാലറ്റിനും ഉറപ്പുവരുത്തും.

3. അഖിലേന്ത്യാ തലത്തിൽ രണ്ട് സഭകളുണ്ടായിരിക്കും – ജനപ്രതിനിധി സഭയും രാജ്യസഭയും. രണ്ടിനും തുല്യ അധികാരവും തുല്യ അംഗസംഖ്യയും ഉണ്ടായിരിക്കും. രാജ്യസഭയിൽ ഇന്ത്യൻ യൂണിയനിലെ ഓരോ സംസ്ഥാനത്തുനിന്നുമുള്ള പ്രതിനിധികളുടെ സംഖ്യ തുല്യമായിരിക്കും. രണ്ട് സഭകളുടെയും തീരുമാനങ്ങൾക്ക് വിധേയമായിട്ടായിരിക്കും പ്രസിഡണ്ടിൻെറ പ്രവർത്തനം. പ്രസിഡണ്ടിന് മറ്റധികാരങ്ങളൊന്നുമുണ്ടായിരിക്കില്ല.

4. ഇന്ത്യൻ യൂണിയനിലെ എല്ലാ സംസ്ഥാനങ്ങൾക്കും യഥാർത്ഥമായ സ്വയംഭരണാവകാശവും തുല്യ അധികാരങ്ങളും ഉണ്ടായിരിക്കും. ആദിവാസി പ്രദേശങ്ങൾക്ക്, സംജാതീയമായി വിഭിന്നവും പ്രത്യേക സാമൂഹ്യ-സാംസ്കാരിക വ്യവസ്ഥകൾ കൊണ്ട് തിരിച്ചറിയപ്പെടുന്നതുമായ ജനവിഭാഗങ്ങളുള്ള പ്രദേശങ്ങൾക്കും, അതത് സംസ്ഥാനത്തിനകത്തുതന്നെ പ്രാദേശിക ഗവർമെണ്ടുകളോടുകൂടിയ പ്രാദേശിക സ്വയംഭരണാവകാശം ഉണ്ടായിരിക്കും. അവരുടെ വികസനത്തിനുവേണ്ട എല്ലാ സഹായങ്ങളും നൽകപ്പെടും.

5. സംസ്ഥാനങ്ങൾക്ക് ഉപരിസഭകൾ ഉണ്ടായിരിക്കുകയില്ല. കേന്ദ്രത്തിൽ നിന്ന് നിയമിക്കുന്ന ഗവർണർമാരും ഉണ്ടായിരിക്കയില്ല. എല്ലാ ഭരണ സർവീസുകളും സംസ്ഥാന ഗവർമെണ്ടിൻെറയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറയോ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലായിരിക്കും. സംസ്ഥാനങ്ങൾ എല്ലാ ഇന്ത്യൻ പൗരൻമാരെയും ഒരുപോലെ കണക്കാക്കുന്നതായിരിക്കും. ജാതി, സമുദായം, ദേശീയത എന്നിവയുടെ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും കാണിക്കുന്നതല്ല.

6. പാർലമെൻറിലും കേന്ദ്രഭരണത്തിലും എല്ലാ ദേശീയഭാഷകളുടെയും സമത്വം അംഗീകരിക്കുന്നതാണ്. പാർലമെൻറംഗങ്ങൾക്ക് ഏത് ദേശീയഭാഷയിലും സംസാരിക്കാൻ അവകാശമുണ്ടായിരിക്കും; അതേസമയം തന്നെ അവരുടെ പ്രസംഗം മറ്റെല്ലാ ദേശീയഭാഷകളിലേക്കും തർജമ ചെയ്യപ്പെടുന്നതായിരിക്കും. എല്ലാ നിയമങ്ങളും ഗവർമെണ്ട് കൽപനകളും പ്രമേയങ്ങളും എല്ലാ ദേശീയഭാഷകളിലും ലഭിക്കുന്നതാണ്. ഹിന്ദി ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന് നിർബന്ധമുണ്ടായിരിക്കുകയില്ല. വളർന്നുവരുന്ന സാമ്പത്തികവും സാമൂഹ്യവും ബുദ്ധിപരവു

മായ സമ്പർക്കത്തിനിടയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾക്ക് ഏറ്റവും യോജിച്ച പരസ്പര വിനിമയഭാഷ പ്രയോഗത്തിലൂടെ വളർത്തിയെടുക്കുന്നതായിരിക്കും. ഭരണം, നിയമനിർമ്മാണം, നീതിനിർവഹണം, അധ്യയനം എന്നീ തുറകളിൽ ഇംഗ്ലീഷ് ഉപയോഗിക്കപ്പെടുകയില്ല. പകരം അതത് ദേശീയഭാഷയായിരിക്കും ഉപയോഗിക്കപ്പെടുക. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തങ്ങളുടെ മാതൃഭാഷയിലൂടെ അധ്യയനം ലഭിക്കാനുള്ള ജനങ്ങളുടെ അവകാശം അംഗീകരിക്കപ്പെടും. ഓരോ ഭാഷാസംസ്ഥാനത്തിലും പൊതുസ്ഥാപനങ്ങളിലേയും സർക്കാർ സ്ഥാപനങ്ങളിലെയും ഭരണത്തിന് അവിടത്തെ ദേശീയ ഭാഷ തന്നെ ഉപയോഗിക്കപ്പെടും. ഉന്നതവിദ്യാഭ്യാസത്തിനു കൂടി അനുയോജ്യമായി സംസ്ഥാനഭാഷ തന്നെ ഉപയോഗിക്കുന്നതാണ്. വേണ്ടിവരുന്നപക്ഷം, സംസ്ഥാനഭാഷയ്ക്കുപുറമെ ന്യൂനപക്ഷത്തിൻെറയോ ന്യൂനപക്ഷങ്ങളുടെയോ ഒരു പ്രദേശത്തിൻെറയോ ഭാഷ ഉപയോഗിക്കപ്പെടുന്നതായിരിക്കും. ഉറുദുഭാഷക്കും അതിൻെറ ലിപിക്കും ആവശ്യമായ സംരക്ഷണം നൽകപ്പെടുന്നതാണ്.

7. ഘടകസംസ്ഥാനങ്ങൾ തമ്മിലും സംസ്ഥാനങ്ങളിലെ ജനങ്ങൾ തമ്മിലും സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിലെ പരസ്പര സഹകരണത്തിൻെറ അടിസ്ഥാനത്തിൽ ഇന്ത്യയുടെ ഐക്യം ഊട്ടി ഉറപ്പിക്കാനായി ജനകീയ ജനാധിപത്യ ഗവർമെണ്ട് എല്ലാ നടപടികളും കൈക്കൊള്ളും. സാമ്പത്തികമായ പിന്നോക്കാവസ്ഥയിൽ കിടക്കുന്നതും ദുർബലവുമായ സംസ്ഥാനങ്ങൾക്കും പ്രദേശങ്ങൾക്കും ത്വരിതഗതിയിൽ പുരോഗമിക്കുവാൻ സഹായകമായ വിധത്തിൽ വേണ്ട പ്രത്യേക സാമ്പത്തിക സഹായങ്ങളും പരിഗണനകളും നൽകപ്പെടും.

8. തദ്ദേശ സ്വയംഭരണരംഗത്ത് വില്ലേജുമുതൽ മേലോട്ടുള്ള തലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ വിപുലമായ ഒരു ശൃംഖല ജനകീയ ജനാധിപത്യ ഭരണകൂടം സ്ഥാപിക്കുന്നതായിരിക്കും. അവയെല്ലാംതന്നെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നവയായിരിക്കും. അധികാരവും ചുമതലയും ആവശ്യമായ ധനാഗമ മാർഗ്ഗങ്ങളും ഉള്ളവയുമായിരിക്കും.

9. നമ്മുടെ എല്ലാ സാമൂഹ്യ-രാഷ്ട്രീയ സ്ഥാപനങ്ങളിലും ജനാധിപത്യത്തിൻെറ സത്ത ഉൾക്കൊള്ളിക്കാനായി ജനകീയ ജനാധിപത്യ ഭരണകൂടം ശ്രമിക്കുന്നതാണ്. ദേശീയ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലേക്കും മുൻകൈയെടുക്കാനുള്ള ശീലത്തിൻെറയും നിയന്ത്രണത്തിൻെറയും ജനാധിപത്യപരമായ രൂപങ്ങൾ അത് വ്യാപിപ്പിക്കുന്നതുമാണ്. ട്രേ

ഡ് യൂണിയനുകൾ, കർഷക-കർഷകത്തൊഴിലാളി സംഘടനകൾ, അധ്വാനിക്കുന്ന ജനങ്ങളുടെ മറ്റ് വർഗ-ബഹുജന സംഘടനകൾ എന്നിവയ്ക്ക് ഇതിൽ ഒരു സുപ്രധാന പങ്ക് വഹിക്കാനുണ്ട്. രാജ്യത്തിലെ നിയമനിർമ്മാണത്തിൻെറയും ഭരണ നിർവഹണത്തിൻെറയും യന്ത്രാവലി ജനങ്ങളുടെ ജനാധിപത്യാഗ്രഹങ്ങളിൽ നിരന്തരം ശ്രദ്ധ പതിപ്പിക്കുന്നതിന് ഗവൺമെൻറ് നടപടി എടുക്കുന്നതായിരിക്കും. രാഷ്ട്രത്തിൻെറ ഭരണത്തിലും പ്രവർത്തനത്തിലും ബഹുജനങ്ങളുടെയും അവരുടെ സംഘടനകളുടെയും സജീവമായ സഹകരണം ഉറപ്പുവരുത്തുന്നതായിരിക്കും. ഭരണകൂടത്തിലും ഭരണത്തിലും ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും അതിൻെറ പതിവുകളും ഇല്ലായ്മ ചെയ്യുന്നതിന് അത് പ്രവർത്തിക്കുന്നതാണ്.

10. നീതിനിർവഹണത്തിൽ ജനാധിപത്യപരമായ മാറ്റങ്ങൾ വരുത്തുന്നതാണ്. ന്യായമായ നീതി വേഗത്തിൽ ലഭിക്കുമെന്ന് ഉറപ്പുവരുത്തും. നീതിന്യായവിഭാഗത്തെ ഭരണ നിർവഹണ വിഭാഗത്തിൽനിന്ന് വേർപെടുത്തുമെന്ന് ഉറപ്പുചെയ്യപ്പെടും. ജഡ്ജിമാരുടെ നിയമനം, പാർലമെൻറ്, നിയമസഭ മുതലായ ജനകീയ സ്ഥാപനങ്ങളിൽ തക്കതായ ഒന്നിൻെറ അംഗീകാരത്തിന് വിധേയമായിരിക്കും.

എല്ലാ പൗരൻമാർക്കും നിയമപരമായ പരിഹാരം എളുപ്പം ലഭിക്കുന്നതിനായി സൗജന്യമായ നിയമസഹായവും നിയമോപദേശവും നൽകപ്പെടും.

ഏതൊരു ഉദ്യോഗസ്ഥനെതിരായും കോടതിയിൽ കേസുകൊടുക്കാനുള്ള വ്യക്തികളുടെ അവകാശം ഉറപ്പുചെയ്യപ്പെടും.

11. ജനകീയ ജനാധിപത്യ ഗവൺമെൻറ് സായുധ സേനാംഗങ്ങൾക്കിടയിൽ സ്വരാജ്യ സ്നേഹത്തിൻെറയും ജനാധിപത്യത്തിൻെറയും ജനസേവനത്തിൻെറയും ചൈതന്യം പ്രസരിപ്പിക്കുന്നതായിരിക്കും. അത് അവർക്ക് നല്ല ജീവിത നിലവാരവും സേവനവ്യവസ്ഥയും ഉറപ്പുവരുത്തും. സാംസ്കാരിക ജീവിതത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനും സാധ്യമായ എല്ലാ സൗകര്യങ്ങളും അവർക്ക് നൽകും. ആരോഗ്യമുള്ള എല്ലാ പൗരൻമാർക്കും സൈനിക പരിശീലനം നേടുന്നതിനെ അത് പ്രോൽസാഹിപ്പിക്കും. ദേശീയ സ്വാതന്ത്ര്യത്തെപ്പറ്റിയും രാഷ്ട്രത്തെ കാത്തുരക്ഷിക്കുന്നതിനെപ്പറ്റിയും ഉള്ള ബോധം അവരിൽ വളർത്താൻ ശ്രമിക്കും.

12. പൂർണമായ പൗരസ്വാതന്ത്ര്യം ഉറപ്പുനൽകപ്പെടും. വ്യക്തി സ്വാതന്ത്ര്യം, സ്ഥിരവാസാവകാശം എന്നിവ പരിരക്ഷിക്കപ്പെടും. ആരെയും

വിചാരണകൂടാതെ തടങ്കലിൽ വെക്കുകയില്ല; ചിന്ത, മതവിശ്വാസം, ആരാധന, സംസാരം, പത്രം, യോഗം ചേരൽ, പണിമുടക്ക്, യാത്ര, തൊഴിൽ എന്നിവയ്ക്കെല്ലാം പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കും.

13. തൊഴിൽ ചെയ്യാനുള്ള അവകാശം എല്ലാ പൗരൻമാരുടെയും മൗലികാവകാശമായി ഉറപ്പുചെയ്യപ്പെടും. മതം, ജാതി, ലിംഗം, വർണ്ണം, ദേശീയത എന്നിവ ഏതായാലും എല്ലാ പൗരൻമാർക്കും തൊഴിലിനുള്ള തുല്യാവകാശവും തുല്യജോലിക്ക് തുല്യവേതനവും ഉറപ്പുചെയ്യുന്നതാണ്.

14. ശമ്പളത്തിലും വരുമാനത്തിലുമുള്ള ഭീമമായ അന്തരം ഇല്ലാതാക്കപ്പെടും.

15. ഒരു ജാതി മറ്റൊരു ജാതിയെ സാമൂഹികമായി മർദ്ദിക്കുന്നതും അയിത്താചാരണവും ശിക്ഷാർഹമാക്കുന്ന നിയമമുണ്ടാക്കും.

ഉദ്യോഗത്തിലും വിദ്യാഭ്യാസ സൗകര്യം തുടങ്ങിയ പ്രത്യേക സൗകര്യങ്ങളിലും പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മറ്റു പിന്നോക്ക സമുദായക്കാർ എന്നിവർക്ക് പ്രത്യേകാനുകൂല്യങ്ങൾ നൽകപ്പെടുന്നതായിരിക്കും.

16. സ്ത്രീകൾ ഇന്നനുഭവിക്കുന്ന സാമൂഹ്യമായ അസമത്വങ്ങളും അസ്വാതന്ത്ര്യങ്ങളും ഇല്ലായ്മചെയ്യും; സ്വത്തിനുള്ള പിന്തുടർച്ചാവകാശം, വിവാഹ-വിവാഹമോചന നിയമങ്ങൾ നടപ്പാക്കൽ, വ്യത്യസ്ത ജോലികളിലേക്കും തൊഴിലുകളിലേക്കുമുള്ള പ്രവേശനം മുതലായവയിൽ പുരുഷൻമാരോട് തുല്യമായ അവകാശം സ്ത്രീകൾക്കുമുണ്ടായിരിക്കും.

17. ഭരണകൂടത്തിൻെറ മതേതരത്വത്തിന് ഉറപ്പുവരുത്തും. മതസ്ഥാപനങ്ങൾ ഭരണകാര്യങ്ങളിലും രാഷ്ട്രീയ രംഗങ്ങളിലും കൈകടത്തുന്നത് നിരോധിക്കപ്പെടും. മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം നൽകപ്പെടും, അവയ്ക്കെതിരായുള്ള വിവേചനം നിയമവിരുദ്ധമാക്കും.

18. വിദ്യാഭ്യാസം ഭരണകൂടം ഏറ്റെടുക്കും. അതിൻെറ മതേതര സ്വഭാവം ഉറപ്പുചെയ്യപ്പെടും.

സെക്കണ്ടറി ഘട്ടം വരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുചെയ്യപ്പെടും.

19. ആരോഗ്യ-വൈദ്യസഹായ-പ്രസവ ശുശ്രൂഷകൾക്കായുള്ള സൗജന്യ സ്ഥാപനങ്ങളുടെ വിപുലമായ ഒരു ശൃംഖല തന്നെ സ്ഥാപിക്കപ്പെടും. തൊഴിലാളികൾക്കും വാർധക്യ പെൻഷൻ പറ്റിയവർക്കും വേണ്ടി വിശ്രമ-വിനോദ കേന്ദ്രങ്ങളുണ്ടാക്കും.

20. നാടുവാഴി വിരുദ്ധവും സാമ്രാജ്യ വിരുദ്ധവും ജനാധിപത്യപര

വുമായ പുതിയ പുരോഗമന ജനകീയ സംസ്കാരം വളർത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി നമ്മുടെ ജനങ്ങൾക്കിടയിലുള്ള സർഗാത്മക പ്രതിഭകളെ ഉണർത്തിവിടുവാൻ വേണ്ട എല്ലാ നടപടികളും ജനകീയ ജനാധിപത്യ ഭരണകൂടവും ഗവർമെണ്ടും സ്വീകരിക്കുന്നതായിരിക്കും.

തങ്ങളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാംസ്കാരിക ജീവിതം സമ്പുഷ്ടമാക്കുന്നതിനുമുള്ള ജനങ്ങളുടെ സമരത്തെ സഹായിക്കുന്ന –

ജാതി-സമുദായ വൈരാഗ്യങ്ങൾ, തെറ്റായ മുൻധാരണകൾ, അടിമത്തബോധം, അന്ധവിശ്വാസം മുതലായവയിൽ നിന്ന് വിമോചിതരാകാൻ ജനങ്ങളെ സഹായിക്കുന്ന –

രാജ്യത്തൊട്ടാകെയുള്ള ജനാധിപത്യ സമൂഹങ്ങളുടെ പൊതുവായ അഭിലാഷങ്ങൾക്ക് അനുസൃതമായിത്തന്നെ തങ്ങളുടെ പ്രത്യേക ഭാഷ, സംസ്കാരം, ജീവിതരീതി എന്നിവ വളർത്തിക്കൊണ്ടു വരാൻ ഓരോ ദേശീയജനതയെയും ആദിവാസി ജനതയെയും സഹായിക്കുന്ന–

ലോകത്തിലെ എല്ലാ സമാധാന സ്നേഹികളായ ജനതകളോടും രാജ്യങ്ങളോടും സാഹോദര്യബോധം വളർത്തുന്നതിനും വർഗീയ-ദേശീയ വികാരങ്ങളിൽ നിന്നും മുക്തിനേടുന്നതിനും ജനങ്ങളെ സഹായിക്കുന്ന–

എല്ലാത്തരം സാഹിത്യത്തിൻെറയും കലയുടെയും വളർച്ച ത്വരിതപ്പെടുത്താൻവേണ്ട നടപടികൾ ജനകീയ ജനാധിപത്യ ഗവൺമെൻറ് എടുക്കുന്നതാണ്.

# ഇന്ത്യയിലെ ദേശീയ പ്രശ്നത്തെപ്പറ്റി

**(1972 ജൂൺ 27 മുതൽ ജൂലൈ 2 വരെ മധുരയിൽ വച്ചുചേർന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി ഒമ്പതാം കോൺഗ്രസിൽ വെച്ച് അംഗീകരിച്ചത്)**

1. നമ്മുടെ പാർടിയുടെ ഏഴാം കോൺഗ്രസ് പുതിയ പാർടി പരിപാടി അംഗീകരിക്കുമ്പോൾ മുമ്പത്തെ പരിപാടിയിലെ "സ്വയം നിർണയത്തിനു എല്ലാ ദേശീയ ജനതകൾക്കുമുള്ള അവകാശ"ത്തെക്കുറിച്ചുള്ള വകുപ്പ് വിട്ടുകളയാൻ തീരുമാനിച്ചിരുന്നു. അതിനു ഒരവസാനരൂപം നൽകും മുമ്പ് കൂടുതൽ വിശദമായ ചർച്ചയും പഠനവും നടത്തുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്തത്. പരിപാടിയിലെ നിലവിലുള്ള 88-ാം ഖണ്ഡിക്കു കീഴിൽ ഒരു പുതിയ ഉപഖണ്ഡിക ഉൾക്കൊള്ളിക്കാനും ജനകീയ ജനാധിപത്യത്തിലെ ഭരണകൂടഘടനയെ സംബന്ധിക്കുന്ന മുഴുവൻ ഭാഗവും പുനഃസംവിധാനം ചെയ്യാനും ആരംഭിക്കാൻ പോകുന്ന ഒമ്പതാം

കോൺഗ്രസിനോട് ശുപാർശ ചെയ്യാൻ ചർച്ചകൾക്കുശേഷം നമ്മുടെ പാർടിയുടെ കേന്ദ്രക്കമ്മെറ്റി ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു. അങ്ങനെ നിർദേശിക്കപ്പെട്ട ഭേദഗതിയും പുനഃസംവിധാനം ചെയ്ത ഭാഗവും പാർടിമെമ്പർമാർക്കിടയിൽ ചർച്ച ചെയ്യപ്പെടുന്നതിനു വേണ്ടി വിതരണം ചെയ്യാനായി ഈ കുറിപ്പിൻെറ കൂടെ ചേർത്തിട്ടുണ്ട്.

2. "സ്വയം നിർണ്ണയത്തിന് എല്ലാ ദേശീയ ജനതകൾക്കുമുള്ള അവകാശം" എന്ന വകുപ്പ് വിട്ടുകളയണം എന്ന നിർദ്ദേശത്തിൻെറ മുഴുവൻ അർഥവും മനസ്സിലാകണമെങ്കിൽ, മാർക്സും എംഗൽസും ലെനിനും സ്റ്റാലിനും പ്രസ്താവിച്ചതും വിശദീകരിച്ചതുമായ ദേശീയ- കൊളോണിയൽ പ്രശ്നങ്ങളെ കുറിച്ച് തത്വാധിഷ്ഠിതമായ മാർക്സിസ്റ്റ്- ലെനിനിസ്റ്റ് നിലപാട് ഓർമ്മിച്ചതുകൊണ്ട് മാത്രമായില്ല; നമ്മുടെ രാജ്യത്ത് നാമിന്നു അഭിമുഖീകരിക്കുന്ന ദേശീയ പ്രശ്നത്തെയും നാമിന്നു കടന്നുപോയിക്കൊണ്ടിരിക്കുന്ന പ്രത്യേക പുതിയ യുഗത്തെയും മൂർത്തമായി വിലയിരുത്തുകയും വേണം.

3. തൊഴിലാളിവർഗ സാർവദേശീയത്വത്തിൻെറ യഥാർഥ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടും സോഷ്യലിസത്തിന് വേണ്ടിയുള്ള തൊഴിലാളിവർഗസമരത്തിൻെറ താൽപര്യങ്ങൾ ഏറ്റവും പ്രധാനമായി കണ്ടുകൊണ്ടും മാർക്സ് ഇങ്ങനെയൊരു തത്വം ആവിഷ്കരിച്ചു. "മറ്റു രാഷ്ട്രങ്ങളെ അടിച്ചമർത്തുന്ന ഒരു രാജ്യവും സ്വതന്ത്രമല്ല". ഈ അടിസ്ഥാനതത്വത്തെ പിന്തുടർന്ന് കൊണ്ടാണ് ലെനിൻ ദേശീയ കൊളോണിയൽ പ്രശ്നങ്ങളെ അത്യധികം വിപുലീകരിക്കുകയും സമ്പന്നമാക്കുകയും ചെയ്തത്;" സാമ്രാജ്യത്വ കാലഘട്ടത്തിൻെറയും ലോക സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ നാന്ദിയുടെയും വെളിച്ചത്തിൽ മുഴുവൻ പ്രശ്നത്തെയും വീണ്ടും വിലയിരുത്തിയത്. "രാഷ്ട്രങ്ങളെ അടിച്ചമർത്തുന്നവയും അടിച്ചമർത്തപ്പെടുന്നവയും ആയി വിഭജിക്കുന്നത് സാമ്രാജ്യത്വത്തിനു കീഴിൽ അടിസ്ഥാനപരവും അർഥവത്തും ഒഴിച്ചുകൂടാനാവാത്തതും ആണെന്ന് "ദേശീയ പ്രശ്നത്തെ കുറിച്ചുള്ള ഒരു മാർക്സിസ്റ്റ് അവതരണം നിർദ്ദേശിക്കണ"മെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു കൊണ്ടിരുന്നു. സ്വയംനിർണയത്തിനു വേണ്ടിയുള്ള രാഷ്ട്രങ്ങളുടെ ആവശ്യം ജനാധിപത്യപരമായ ആവശ്യങ്ങളിൽ പെടുമെന്ന വസ്തുത വിശദീകരിച്ചുകൊണ്ട് അദ്ദേഹം പ്രസ്താവിക്കുന്നു: "ഒരു റിപ്പബ്ളിക്ക് വേണം എന്ന ആവശ്യം ഉൾപ്പെടെയുള്ള എല്ലാ ജനാധിപത്യാവശ്യങ്ങൾക്കും വേണ്ടിയുള്ള സമരത്തെ ബൂർഷ്വാസിയെ നിഷ്കാസനം ചെയ്യുന്നതിന് വേണ്ടിയുള്ള തങ്ങളുടെ വിപ്ലവസമരത്തിനു കീഴ്പ്പെടുത്തിയാൽ മാത്രമേ തൊഴിലാളിവർഗത്തിനു സ്വന്തം സ്വാതന്ത്ര്യം നിലനിർത്താൻ കഴിയൂ." സ്വയം നിർണയത്തിനുള്ള രാഷ്ട്രങ്ങളുടെ അവകാശം എന്ന തൻെറ പ്രസിദ്ധലേഖനത്തിൻെറ ഉള്ളടക്കം സമാഹരിച്ചുകൊണ്ട് അദ്ദേഹം പ്രസ്താവിക്കുന്നു. "ഈ സ്ഥിതിവിശേഷത്തിൽ റഷ്യയിലെ തൊഴിലാളിവർഗം അഭിമുഖീകരിക്കുന്നത് രണ്ട് തരത്തിലുള്ള അഥവാ രണ്ടുവശങ്ങളുള്ള കടമയാണ്. എല്ലാ ദേശീയവാദത്തെ

യും- സർവോപരി, ഗ്രേറ്റ് റഷ്യൻ വാദത്തെ - ചെറുക്കുക; എല്ലാ രാഷ്ട്രങ്ങൾക്കും പൊതുവിൽ പരിപൂർണ്ണമായ അവകാശസമത്വമുണ്ടെന്നു മാത്രമല്ല, സ്റ്റേറ്റ് പദവിയെ സംബന്ധിച്ചും അവകാശസമത്വമുണ്ടെന്ന്, അതായത് രാഷ്ട്രങ്ങൾക്ക് സ്വയംനിർണയത്തിനും വേറിട്ടുനിൽക്കാനുമുള്ള അവകാശമുണ്ടെന്നു അംഗീകരിക്കുക. അതേസമയം തന്നെ, എല്ലാ രാഷ്ട്രങ്ങളിലും പ്രത്യക്ഷപ്പെടുന്ന ഏത് രൂപത്തിലുള്ള ദേശീയ വാദത്തിനുമെതിരായി വിജയകരമായി സമരം നടത്തുന്നതിനുവേണ്ടി തൊഴിലാളിവർഗ സമരങ്ങളുടെയും തൊഴിലാളിവർഗസംഘടനകളുടെയും ഐക്യം നിലനിർത്തുകയും ദേശീയമായി ഭിന്നിച്ചു നിൽക്കാനുള്ള ബൂർഷ്വാശ്രമങ്ങളെ വകവെക്കാതെ ഈ സംഘടനകളെ വർഗപരമായി കെട്ടുറപ്പുള്ള ഒരൊറ്റ സാർവദേശീയ അസോസിയേഷനിൽ ലയിപ്പിക്കുകയും ചെയ്യേണ്ടത് തൊഴിലാളിവർഗത്തിൻെറ കടമയാണ്.

"എല്ലാ രാഷ്ട്രങ്ങൾക്കും പരിപൂർണ്ണ അവകാശസമത്വം; രാഷ്ട്രങ്ങൾക്ക് സ്വയം നിർണയാവകാശം; എല്ലാ രാഷ്ട്രങ്ങളിലുമുള്ള തൊഴിലാളികളുടെ ഐക്യം-ഇതാണ് മാർക്സിസവും മുഴുവൻ ലോകത്തിൻെറ അനുഭവവും റഷ്യയുടെ അനുഭവവും തൊഴിലാളികളെ പഠിപ്പിക്കുന്ന ദേശീയ പരിപാടി."

രാഷ്ട്രങ്ങളുടെയും ദേശീയ ജനതകളുടെയും സ്വയംനിർണയത്തിൻെറ തത്വത്തെ കുറിച്ചുള്ള മാർക്സിസ്റ്റ്- ലെനിനിസ്റ്റ് ധാരണയെന്തെന്ന് ഇവയെല്ലാം കൂടി ഗുളിക പ്രമാണത്തിൽ ഉജ്വലമായി സമാഹരിച്ചുകാണിക്കുന്നു. ദേശീയ പ്രശ്നത്തെക്കുറിച്ചുള്ള തങ്ങളുടെ പ്രത്യേകപരിപാടി തയ്യാറാക്കാൻ ലോകത്തെങ്ങുമുള്ള കമ്യൂണിസ്റ്റ് പാർടികൾക്കും വർക്കേഴ്സ് പാർടികൾക്കും മാർഗനിർദ്ദേശകങ്ങളായി ഇവ പ്രയോജനപ്പെടുന്നു.

4. ഇന്ത്യയിൽ ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന ദേശീയ പ്രശ്നം: ഇന്ത്യയുടെ വിമോചനത്തിനുള്ള സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയ പ്രസ്ഥാനമായാണ് പൊതുവെ എന്നും ചിത്രീകരിച്ചിട്ടുള്ളത്. ഇതിൻെറ അനുബന്ധമെന്ന നിലയ്ക്ക് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിവസിക്കുന്ന വ്യത്യസ്തഭാഷകൾ സംസാരിക്കുന്ന ജനതകളെയും ദേശീയ ജനതകളെയും ഒരൊറ്റ ഇന്ത്യൻ രാഷ്ട്രമായി വിശേഷിപ്പിച്ചു വരികയായിരുന്നു. രാഷ്ട്രം എന്ന പദത്തിൻെറ അത്തരമൊരു നിർവചനത്തിനു ചരിത്രപരതയുടെയോ ശാസ്ത്രത്തിൻെറയോ പരീക്ഷണത്തെ അതിജീവിക്കാൻ കഴിയുകയില്ല. ഇന്ത്യയിലെ ദേശീയപ്രശ്നത്തെ അതിൻെറ എല്ലാ വശങ്ങളും വെച്ച് വിശകലനം ചെയ്യാനോ വിലയിരുത്താനോ അതാരെയും സഹായിക്കുന്നില്ല. ഇന്ത്യാ യൂണിയനും പാക്കിസ്താനുമായി വിഭജിക്കപ്പെടുന്നതിനു മുമ്പും പിമ്പും ഇന്ത്യൻ ഉപഭൂഖണ്ഡം, ഒന്നിച്ചും തൊട്ടുതൊട്ടും കിടക്കുന്ന വ്യത്യസ്ത പ്രദേശങ്ങളിൽ പാർക്കുന്നവരും വിവിധ വർണ- സാംസ്കാരിക ഗ്രൂപ്പുകളിൽ പെടുന്നവരും വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവരുമായ ജനതകളെ ഉൾക്കൊ-

ള്ളുന്ന ഒരു വിസ്തൃത രാജ്യമാണ്. ബ്രിട്ടീഷ് കൊളോണിയൽ ഭരണാധികാരികൾ ഭരിച്ചിരുന്ന ഒരു ബഹുദേശീയ സ്റ്റേറ്റായിരുന്നു അത്. ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവൻ ഒരൊറ്റ "രാഷ്ട്ര"മാണെന്ന വൈകാരിക സിദ്ധാന്തമോ, അതു രണ്ടു രാഷ്ട്രങ്ങളെ-ഹിന്ദു, മുസ്ലീം രാഷ്ട്രങ്ങൾ-ഉൾക്കൊള്ളുന്നുവെന്ന അപകടകരമായ വർഗീയ സിദ്ധാന്തമോ സത്യത്തിനും ശാസ്ത്രീയമായ കാഴ്ചപ്പാടിനും നിരക്കുന്നതല്ല. സ്റ്റാറ്റ്യൂട്ട് പുസ്തകത്തിൽ ഇന്ത്യൻ സ്റ്റേറ്റിനെ ഇന്ത്യൻ യൂണിയനായി നിർവചിച്ചിട്ടുള്ള വസ്തുതയും മിക്കവാറും എല്ലാം സംസ്ഥാനങ്ങളെയും ഭാഷാടിസ്ഥാനത്തിൽ പുനഃസംവിധാനം ചെയ്യുകയോ പുനഃസംഘടിപ്പിക്കുകയോ ചെയ്തിട്ടുണ്ട് എന്ന വസ്തുതയും സംസ്ഥാനങ്ങൾക്ക് യാഥാർഥ സ്വയംഭരണാവകാശവും കൂടുതൽ അധികാരങ്ങളും വേണമെന്ന അടക്കിക്കളയാനാകാത്ത ആവശ്യം നിലനിൽക്കുന്ന വസ്തുതയും വാചാലമായി പ്രഖ്യാപിക്കുന്നത് ഇന്ത്യൻ യൂണിയൻ സ്വഭാവത്തിൽ ഒരു ബഹുഭാഷാ- ബഹുദേശീയ സ്റ്റേറ്റാണെന്ന അവകാശവാദത്തെയാണ്. ഈ കാര്യത്തെക്കുറിച്ച് ഇത്തരത്തിലുള്ള വ്യക്തമായ ധാരണ ഇല്ലെങ്കിൽ ഇന്ത്യയുടെ ഐക്യവും ഉൽഗ്രഥനവും പരിരക്ഷിക്കാനും അവയെ ശക്തിപ്പെടുത്താനും വേണ്ടി ബോധപൂർവ്വം പ്രവർത്തിക്കുന്നതിനോ അനൈക്യത്തിൻെറയും ശിഥിലീകരണത്തിൻെറയും ശക്തികൾക്കെതിരായി ഫലപ്രദമായ സമരം അനായാസമായി നടത്തുന്നതിനോ സാധ്യമല്ല.

5. ദേശീയസ്വയംനിർണയം വേണമെന്നും പഴയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽ നിന്ന് ഇന്ത്യ വിട്ടുനിൽക്കണമെന്നും വേറിട്ട ഒരു സ്വതന്ത്ര ഇന്ത്യൻ സ്റ്റേറ്റ് രൂപീകരിക്കണമെന്നുമുള്ള ആവശ്യവും ഇന്ത്യയിൽ ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന മറ്റാവശ്യങ്ങളും വർഗാടിസ്ഥാനത്തിൽ പറഞ്ഞാൽ, ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി സാമ്രാജ്യത്വത്തിനെതിരായി ലക്ഷ്യം വെച്ചിട്ടുള്ള ഇന്ത്യയിലെ വളർന്നുവരുന്ന ബൂർഷ്വാജനാധിപത്യപ്രസ്ഥാനത്തിൻെറ ഒരു പ്രകടനമാണ്. വസ്തുനിഷ്ഠമായി പറഞ്ഞാൽ, ഈ ധാരകളെല്ലാം സാമ്രാജ്യത്വത്തിനെതിരായും സോഷ്യലിസത്തിനു വേണ്ടിയുമുള്ള ലോകതൊഴിലാളി വർഗസമരത്തിൻെറ ഒരു അവിഭാജ്യഘടകമായിരുന്നു.

6. 1947-ൽ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയതോടുകൂടി നമ്മുടെ രാജ്യത്തെ ദേശീയപ്രശ്നത്തിനു ഗണ്യമായ മാറ്റം വന്നിട്ടുണ്ട്. ദേശീയ സ്വയം നിർണയവും രാഷ്ട്രീയസ്വാതന്ത്ര്യവും വേണമെന്ന, അതായത് ബ്രിട്ടീഷ് സാമ്രാജ്യത്വ സ്റ്റേറ്റിൽ നിന്നു വിട്ടുനിൽക്കണമെന്ന ആവശ്യം നേടിയെടുത്തു കഴിഞ്ഞു. രാഷ്ട്രീയ ജനാധിപത്യം വേണമെന്ന ആവശ്യത്തിൻെറ പന്ഥാവിൽ ദേശീയ പ്രശ്നം മേലിൽ ഒതുങ്ങി നിൽക്കുകയില്ല; പകരം, സാമ്രാജ്യവാദികളുടെ മേലുള്ള സാമ്പത്തിക ആശ്രിതത്വത്തിനും തങ്ങൾ നടത്തുന്ന സാമ്പത്തിക ചൂഷണം ശാശ്വതീകരിക്കാനുള്ള അവരുടെ ശ്രമങ്ങൾക്കും എതിരായുള്ള സമരത്തിൻെറ വ്യക്തമായ സ്വഭാവം അത് കൈക്കൊള്ളുന്നു. അതുപോലെ വിവിധ ഭാഷക്കാരുടെയും ദേ

ശീയ ജനതകളുടെയും ധാരകളും അവരുടെ സാമ്പത്തികോന്നമനത്തിന്നായുള്ള സമരവും ഇന്ത്യൻ യൂണിയനിലെ ഏതെങ്കിലും മർദ്ദക രാഷ്ട്രത്തിനെതിരായുള്ള സമരമല്ല, പിന്നെയോ, സാമ്പത്തികാശ്രിതത്വവും പിന്നോക്കനിലയും ഇല്ലായ്മ ചെയ്യാൻ രാജ്യത്തുള്ള എല്ലാ ദേശീയ ജനതകളും ചേർന്നു നടത്തുന്ന പൊതുസമരത്തിൻെറ ഭാഗമാണ്. ഇന്ത്യൻ യൂണിയനെ സംരക്ഷിച്ചു നിലനിർത്തുന്നതു കൊണ്ട് ഈ പൊതുസമരം എളുപ്പമാകും.

7. ദേശീയ ജനതകളുടെ പ്രശ്നം, പൊതുജനങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ ഭാഷാസംസ്ഥാന പ്രശ്നവും കേന്ദ്ര- സംസ്ഥാന ബന്ധങ്ങളെന്നു വിളിക്കപ്പെടുന്നതും, നിൽക്കുന്നത് വ്യത്യസ്തമായ അടിസ്ഥാനത്തിലാണ്. ഒരു മർദ്ദകരാഷ്ട്രം സാമ്പത്തികമായും രാഷ്ട്രീയമായും ഒരു മർദ്ദിതരാഷ്ട്രത്തിൻെറയോ കൂടുതൽ മർദ്ദിത രാഷ്ട്രങ്ങളുടെയോ മേൽ ആധിപത്യം പുലർത്തുന്നുണ്ടോ എന്നതല്ല ഇവിടെയുള്ള താത്വികമായ പ്രശ്നം; പിന്നെയോ, ഇന്ത്യൻ യൂണിയനിലെ വലുതും ചെറുതുമായ ദേശീയ ജനതകളിലെ വൻകിട ബൂർഷ്വാ- ജന്മിവർഗങ്ങൾ കയ്യിൽ വെക്കുകയും വിദേശ ഫിനാൻസ് മൂലധനത്തോടൊത്തു ചേർന്നു മുതലാളിത്ത വികസനമാർഗം പിന്തുടരുകയും ചെയ്യുന്നുണ്ടോ എന്നാണ് പ്രശ്നം. അത്തരമൊരു വർഗവാഴ്ചക്കും വികസനമാർഗത്തിനും സാമ്പത്തികാശ്രിതത്വം ഇല്ലായ്മ ചെയ്യാനോ വിപ്ലവത്തിൻെറ ബൂർഷ്വാ-ജനാധിപത്യഘട്ടത്തിലെ ഇനിയും പൂർത്തീകരിക്കപ്പെടാത്ത ചുമതലകൾ മുഴുവനാക്കാനോ കഴിയുകയില്ല. വിദേശ സാമ്രാജ്യവാദികൾ ഇന്ത്യൻ ജനതയുടെ മേൽ നടത്തുന്ന രാഷ്ട്രീയമായ അടിച്ചമർത്തലിനെക്കാളും ഇന്ത്യയിലെ വിവിധ രാഷ്ട്രങ്ങൾ നടത്തുന്ന അടിച്ചമർത്തലിനെക്കാളും കൂടുതലായി നാമിന്നു കാണുന്നത് വൻകിട ബൂർഷ്വാസിയും ജന്മികളും വിദേശ കുത്തകകളും നടത്തുന്ന വർഗചൂഷണവും അടിച്ചമർത്തലുമാണ്. വർഗപരമായ അടിച്ചമർത്തലിനും ദേശീയമായ അടിച്ചമർത്തലിനും ഇടക്ക് ഒരു ചൈനീസ് മതിൽ കെട്ടാനാവില്ലെങ്കിലും (അതായത്, അവ രണ്ടും തമ്മിൽ പൂർണമായി വ്യവച്ഛേദിച്ചു കാണിക്കാനാവില്ലെങ്കിലും) അവ രണ്ടും നിൽക്കുന്നത് വ്യത്യസ്തമായ അടിത്തറകളിലായതുകൊണ്ട്, അവയിൽ ഒന്നിനു പകരം മറ്റേത് വെക്കാനാവില്ല, തീർച്ച. നിരവധി ബൂർഷ്വാ- പെറ്റി ബൂർഷ്വാ പാർടികൾ ഉന്നയിക്കുകയും പിന്താങ്ങുകയും ചെയ്യുന്ന ആവശ്യങ്ങളിൽ മിക്കതും (ആ പാർടികൾ ദേശീയ വേഷം അണിയുന്നുണ്ടെങ്കിലും) യഥാർഥത്തിൽ വർഗഭരണത്തിൻെറയും ബൂർഷ്വാ-ജന്മിവാഴ്ച നടത്തുന്ന ചൂഷണത്തിൻെറയും പാപ്പരായ മുതലാളിത്ത വികസനമാർഗത്തിൻെറയും ഫലമായുണ്ടായിട്ടുള്ള അതത് വർഗത്തിൻെറ ആവശ്യങ്ങളാണെന്നു വ്യക്തവും സൂക്ഷ്മവുമായ ഒരു പഠനം നടത്തിയാൽ വെളിവാകും.

8. തൊഴിലാളിവർഗവും അതിൻെറ അസ്സൽ കമ്യൂണിസ്റ്റ് പാർടിയും ഇന്ത്യൻ യൂണിയനിലെ സംസ്ഥാനങ്ങളുടെ യഥാർഥ സമത്വത്തി

നും. സ്വയംഭരണാവകാശത്തിനുംവേണ്ടി നിസ്സംശയം വാദിക്കുകയും ഏതൊരു തരത്തിലുള്ള ദേശീയമായ അടിച്ചമർത്തലിനെയും എതിർക്കുകയും ചെയ്യേണ്ടതാണ്. അതേ സമയംതന്നെ, ഇടുങ്ങിയ മനഃസ്ഥിതിക്കാരായ ദേശീയവാദികളും വിവിധ ദേശീയ ജനതകളിലെ സങ്കുചിതദേശീയവാദികളും കൂടി ഇന്ത്യയിലെ തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന ജനങ്ങളുടെയും ഐക്യത്തിനു ഗൗരവമായ ഭീഷണിയായി തീർന്നിരിക്കുന്നുവെന്ന ആശങ്കയുളവാക്കുന്ന സ്ഥിതിഗതികൾ തൊഴിലാളിവർഗത്തിനു ഗൗരവമായി വീക്ഷിക്കാതിരിക്കാൻ കഴിയില്ല. സ്റ്റീൽ പ്ലാൻറ്, ഓയിൽ റിഫൈനറി എന്നിവ പോലുള്ള വലിയൊരു വ്യവസായസ്ഥാപനമോ ഒരു കപ്പൽ നിർമ്മാണശാലയോ പൊതുമേഖലയിൽ സ്ഥാപിക്കുന്നതു പോലുള്ള പ്രശ്നങ്ങൾ ഒരു പ്രത്യേക ഭാഷാസംസ്ഥാനത്തിലെ ജനങ്ങളെ കേന്ദ്രഗവർമെണ്ടിനും ചില സഹോദരസംസ്ഥാനങ്ങൾക്കുമെതിരായി തിരിച്ചുവിടാനും അണിനിരത്താനും ചൂഷണം ചെയ്യപ്പെടുന്നു. തത്വത്തിലധിഷ്ഠിതമായ ഒരു പരിഹാരം നടപ്പാക്കാൻ കൂട്ടാക്കാത്ത അവസരവാദപരമായ സമീപനം സ്വീകരിക്കുന്നതിൽ ഒന്നാംപ്രതിയായ കേന്ദ്രഗവർമെണ്ടിനെ വെറുതെവിട്ട് സങ്കുചിതദേശീയവാദം പ്രചരിപ്പിക്കാൻ സംസ്ഥാനങ്ങൾ തമ്മിലുള്ള തൊഴിലില്ലായ്മക്കു കാരണം ഈ കേന്ദ്രങ്ങളിലേക്ക് ഓരോ ഭാഷാ വിഭാഗത്തിൽ നിന്നുമുള്ള കുടിയേറിപ്പാർപ്പാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. ജനങ്ങളുടെ വർഗഐക്യവും ബഹുജനസംഘടനകളും ശിഥിലീകരിക്കാനായി ന്യൂനപക്ഷ വിരുദ്ധലഹളകൾ സംഘടിപ്പിക്കപ്പെടുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള ഗവർമെണ്ട് സർവീസുകളിലെ വ്യത്യസ്തഭാഷാ- ദേശീയജന വിഭാഗങ്ങൾ ഇടുങ്ങിയ മനഃസ്ഥിതിക്കും ദേശീയവാദത്തിനും സങ്കുചിതദേശീയ വാദത്തിനും പലപ്പോഴും ഇരയാവുന്നു; അത് ഇന്ത്യൻ യൂണിയനിലെ വ്യത്യസ്ത ദേശീയ ജനതകൾ തമ്മിൽ അവിശ്വാസവും ശത്രുതയും വളർത്തുന്നു. പഞ്ചാബിൽ കാണുന്നതുപോലെ ഒരേ ഭാഷ സംസാരിക്കുന്ന ദേശീയ ജനതയെ ശിഥിലീകരിക്കാൻ ഇടുങ്ങിയ ചിന്താഗതിയോടുകൂടിയ മതവിഭാഗങ്ങളെ ചില തൽപരകക്ഷികൾ ചൂഷണം ചെയ്യുന്നു. പ്രത്യേക തെലുങ്കാന സംസ്ഥാനത്തിനുവേണ്ടിയുള്ള മുദ്രാവാക്യം ഉയർത്തിയതു വഴി ആന്ധ്ര സംസ്ഥാനത്തിൽ കാണപ്പെട്ടതുപോലെ ഒരേ ദേശീയ ജനതയിലെ ഒരു പ്രദേശത്തെ ജനങ്ങളെ മറ്റൊരു പ്രദേശത്തെ ജനങ്ങൾക്കെതിരായി ഇളക്കിവിടാൻ തമ്മിൽ കലഹിക്കുന്ന ജന്മി മുതലാളി സംഘങ്ങൾ മടിക്കുന്നില്ല. വിദർഭയിലും സൗരാഷ്ട്രയിലും മറ്റും നയിക്കപ്പെട്ടതുപോലുള്ള പ്രസ്ഥാനങ്ങളെല്ലാം പ്രതിലോമപരവും വികൃതവുമായ ദേശീതയുടെയും പ്രാദേശികതയുടെയും മേലങ്കികളണിഞ്ഞിരുന്നു. കേന്ദ്രത്തിലെ വൻകിട ബൂർഷ്വാ നേതാക്കളും അവരുടെ മാപ്പുസാക്ഷികളും സംസ്ഥാനങ്ങളുടെ യഥാർഥ സമത്വവും സ്വയംഭരണാവകാശവും എന്ന പദവി മാത്രമല്ല ദീർഘവും കയ്പുനിറഞ്ഞതുമായ സമരങ്ങളിലൂടെ നേടിയെടുത്ത ആവശ്യമായ ഭാഷാ സംസ്ഥാന പുനഃസംഘടനപോ

ലും നിഷേധിക്കാൻവേണ്ടി എല്ലാ ശിഥിലീകരണ പ്രക്ഷോഭങ്ങളെയും ഉപയോഗിക്കാൻ വേണ്ടി ശ്രമിക്കുന്നു.

9. വളർച്ചയുടെ ഇന്നത്തെ ഘട്ടത്തിൽ ഒരു വശത്തുനിന്ന് വൻകിട ബൂർഷ്വാ ജന്മി ഗവർമെണ്ടിൻെറ വർഗനയങ്ങൾ മൂലവും മറുവശത്തു നിന്ന് സംസ്ഥാനങ്ങളിലെ ഇടുങ്ങിയ ദേശീയതയുടെയും പ്രാദേശികതയു-ടേതുമായ ശിഥിലീകരണ ശക്തികൾ മൂലവും അനൈക്യത്തിൻെറയും ശിഥിലീകരണത്തിൻെറയും ഭീഷണിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ തൊഴിലാളിവർഗ പ്രസ്ഥാനത്തെ ദേശീയ ജനതകളുടെയും ഇന്ത്യൻ യൂണിയനിലുള്ള അവരുടെ ഉൽഗ്രഥനത്തിൻെറയും പ്രശ്നങ്ങളിൽ സ്വന്തവും വസ്തുനിഷ്ഠവും ഉറച്ചതുമായ നയം രൂപീകരിക്കുവാൻ ആഹ്വാനം ചെയ്യുന്നു. രാഷ്ട്രങ്ങളുടെയും ദേശീയ ജനതകളുടെയും സ്വയംനിർണയം– ഇതിൽ തീർച്ചയായും വിട്ടുപോകാനുള്ള അവകാശവും ഉൾപ്പെടും– എന്ന മുദ്രാവാക്യത്തിൻെറ വെറും ആവർത്തനം സങ്കുചിത ദേശീയതയുടെയും ഷോവിനിത്തിൻെറയും ശിഥിലീകരണശക്തികൾക്ക് ഒരിളവനുവദിക്കുന്നതിന് തുല്യമാണ്. ഇതിനുപകരം ഇത്തരം എല്ലാ ശക്തികൾക്കുമെതിരായി ഇന്ത്യൻ ഐക്യത്തിൻെറയും തൊഴിലാളിവർഗ സാർവദേശീയതുടെയും യഥാർഥ സ്പിരിറ്റിൽ തൊഴിലാളിവർഗത്തെ സംഘടിപ്പിക്കുകയും, പഠിപ്പിക്കുകയും അണിനിരത്തുകയും ചെയ്യുകയാണ് വേണ്ടത്. രാഷ്ട്രങ്ങളുടെ സ്വയംനിർണയമെന്ന തത്വം മാർക്സിസ്റ്റുകാർ ഉയർത്തിപ്പിടിക്കുന്നത് പ്രധാനമായും സാമ്രാജ്യത്വത്തിനെതിരായ സമരത്തിലും വ്യത്യസ്ത ദേശീയ ജനതകളും ഭാഷാ സംസ്ഥാനങ്ങളും തമ്മിൽ ദേശീയ ഐക്യദാർഢ്യത്തിൻെറയും വർഗഐക്യത്തിൻെറയും സഹോദരബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും വേണ്ടിയാണ്. ഈ പ്രശ്നത്തിലുള്ള മാർക്സിസ്റ്റ് നിലപാട് തികച്ചും വിമർശനാത്മകവും "മറ്റു രാജ്യങ്ങളെ അടിച്ചമർത്തുന്ന ഒരൊറ്റ രാജ്യത്തിനും സ്വതന്ത്രമാകാൻ കഴിയില്ല" എന്ന തൊഴിലാളിവർഗ സാർവദേശീയതയുടെ തത്വത്താൽ നയിക്കപ്പെടുന്നതുമാണ്. ഈ തത്വം തങ്ങളുടെ ബാനറിൽ എഴുതിചേർത്തിരിക്കുന്നതിനാൽ മാർക്സിസ്റ്റ്- ലെനിനിസ്റ്റുകാർ അധികാരത്തിൽ വരു-മ്പോൾ ആരെയെങ്കിലും ബലം പ്രയോഗിച്ച് വരുതിയിൽ നിർത്തുന്നതിനെ നിഷേധിക്കാൻ തന്മൂലം ബാധ്യസ്ഥരാണ്. കൂടാതെ, "ദേശീയ അസമത്വവും ദേശീയമായി പ്രത്യേകാനുകൂല്യവും പാടില്ല" എന്ന ന്യായമായ ആവശ്യത്തിൽ ഉറച്ചുനിൽക്കാനും അവർ ബാധ്യസ്ഥരാണ്. അവർ ജനകീയ ദേശീയ പ്രസ്ഥാനങ്ങളെ, ഒരിക്കൽ അവ ആരംഭിച്ചു കഴിഞ്ഞാൽ അവഗണിക്കുകയോ അവയിൽ പുരോഗമനപരമായി എന്തു-ണ്ടോ അവയെ തള്ളിക്കളയുകയോ ചെയ്യുന്നില്ല. അവ പിന്തിരിപ്പൻ വർഗങ്ങളുടെ കലാപങ്ങളായിരിക്കരുതെന്നു മാത്രം. മാത്രമല്ല, ഈ തത്വത്തെ മുറുകെപ്പിടിക്കുന്നതുകൊണ്ട് എല്ലാ തരത്തിലുമുള്ള ശിഥിലീകരണ-വേറിട്ടുപോകൽ പ്രസ്ഥാനങ്ങളെ സഹായിക്കാൻ അവർ ബാധ്യസ്ഥരുമല്ല. ചുരുക്കത്തിൽ ഇതൊക്കെയാണ് ഈ പ്രശ്നത്തിലുള്ള മാർക്സ്

സിറ്റ് മാർഗനിർദ്ദേശ രേഖകൾ.

10. ലെനിൻ, 1915-16 കാലങ്ങളിൽ എഴുതിയ ദേശീയ പ്രശ്നത്തെപ്പറ്റിയുള്ള പ്രസിദ്ധമായ തൻെറ പഠനത്തിൽ വിപ്ലവതൊഴിലാളിവർഗത്തിൻെറയും അവരുടെ പാർടികളുടെയും ദേശീയ പ്രശ്നത്തെ സംബന്ധിച്ച കടമകൾ പരിശോധിക്കുന്നതിനുവേണ്ടി രാജ്യങ്ങളെയും സ്റ്റേറ്റുകളെയും മൂന്നു പ്രധാന തരങ്ങളായി തിരിച്ചിട്ടുണ്ട്. ലെനിൻെറ വാക്കുകളിൽ അവ:

"ഒന്നാമതായി പടിഞ്ഞാറൻ യൂറോപ്പിലെ വികസിത രാജ്യങ്ങളും രാജ്യങ്ങളും (അമേരിക്കൻ) ഐക്യനാടുകളും"

"രണ്ടാമതായി, കിഴക്കൻ യൂറോപ്പ്, ആസ്ട്രിയ, ബാൾക്കൻ രാജ്യങ്ങൾ വിശേഷിച്ച് റഷ്യ"

"മൂന്നാമതായി, ചൈന, പേർഷ്യ, തുർക്കി മുതലായ അർധകൊളോണിയൽ രാജ്യങ്ങളും എല്ലാ കോളണികളും. ഇവയിലെല്ലാം കൂടി നൂറു-കോടിയിലധികം ജനസംഖ്യയുണ്ട്.'"

വിപ്ലവതൊഴിലാളി വർഗത്തിൻെറ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളുടെ കടമകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ലെനിൻ പ്രസ്താവിക്കുന്നു:

"ഈ ഭരണരാഷ്ട്രങ്ങളിലെ തൊഴിലാളിവർഗത്തിൻെറ കടമകൾ പത്തൊൻപാതം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ തൊഴിലളിവർഗത്തിൻെറ അയർലൻറ് പ്രശ്നത്തിലുള്ള കടമകൾ പോലെ തന്നെയാണ്." അതായത്, അയർലൻറിൻെറ വിട്ടുപോകലിനും അതിൻെറ സ്വാതന്ത്ര്യത്തിനും തുറന്നു പിൻതുണ പ്രഖ്യാപിക്കാൻ മുന്നോട്ടു വരിക.

"വളർച്ച പ്രാപിച്ച ഒരു ദേശീയ ബൂർഷ്വാ ജനാധിപത്യ ദേശീയ പ്രസ്ഥാനവും, തീക്ഷ്ണമായ ദേശീയ സമരവും നിലവിലുള്ള സാറിസ്റ്റ് റഷ്യ അടക്കമുള്ള രണ്ടാമത്തെ തരം രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അവിടത്തെ തൊഴിലാളിവർഗത്തിന് അതത് മർദ്ദകരാജ്യത്തിനെതിരായി രാഷ്ട്രങ്ങളുടെ സ്വയംനിർണയത്തെ പിന്തുണക്കേണ്ടിയിരിക്കുന്നു. ഇതിൽ ഏറ്റവും ദുർഘടവും ഏറ്റവും സുപ്രധാനവുമായ കടമ മർദ്ദക രാജ്യങ്ങളിലെ തൊഴിലാളികളുടെ വർഗസമരത്തെ മർദ്ദിത രാജ്യങ്ങളിലെ തൊഴിലാളികളുടെ വർഗസമരവുമായി സംയോജിപ്പിക്കുക എന്നതാണ്.

മൂന്നാമത്തെ തരം രാജ്യങ്ങളെ സംബന്ധിച്ച് മാർക്സിസ്റ്റുകാർ "നഷ്ടപരിഹാരമില്ലാതെ കോളണികളുടെ നിരുപാധികവും അടിയന്തരവുമായ മോചനം മാത്രം ആവശ്യപ്പെട്ടാൽ പോര. ഈ ആവശ്യം അതിൻെറ രാഷ്ട്രീയഭാവത്തിൽ സ്വയം നിർണയാവകാശത്തിൻെറ അംഗീകരണമല്ലാതെ മറ്റൊന്നിനേയുമല്ല സൂചിപ്പിക്കുന്നത്. അവർ ഈ രാജ്യങ്ങളിലെ ദേശീയ മോചനത്തിനുവേണ്ടിയുള്ള ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനങ്ങളിലെ കടുതൽ വിപ്ലവകാരികളായ വിഭാഗങ്ങൾക്ക് ഉറച്ച പിന്തുണ നൽകണം. തങ്ങളെ അടിച്ചമർത്തുന്ന സാമ്രാജ്യശക്തികൾക്കെതിരായാണ് അവരുടെ കലാപം അല്ലെങ്കിൽ വിപ്ലവയുദ്ധം എങ്കിൽ, മാർക്സിസ്റ്റുകാർ അവയെ സഹായിക്കണം. "

ഇന്ത്യൻ യൂണിയൻെറ ഇന്നത്തെ സ്ഥിതിയും ദേശീയ ജനതകളെ സംബന്ധിച്ച പ്രശ്നത്തിൻെറ പ്രത്യേക പ്രകൃതവും സ്വഭാവവും മുകളിൽ പ്രസ്താവിച്ച മൂന്നു വിഭാഗങ്ങളുമായി തികച്ചും യോജിക്കുന്നില്ല; അവയുമായി ഗണ്യമായ വ്യത്യാസം ഉണ്ടുതാനും.

11. മുകളിൽ കാണിച്ച മൂന്നുവിഭാഗങ്ങളിലും തൊഴിലാളിവർഗ പാർടി ഒരു പ്രത്യേക മർദ്ദകരാഷ്ട്രത്തിനും അവിടുത്തെ ഭരണവർഗത്തിനുമെതിരായി തിരിച്ചിരിക്കുന്ന ഒരു മുദ്രാവാക്യമായി രാഷ്ട്രങ്ങളുടെ സ്വയം നിർണയാവകാശമെന്ന മുദ്രാവാക്യത്തെ സംയോജിപ്പിക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. "മർദ്ദകരാഷ്ട്രങ്ങളിലെ തൊഴിലാളികളുടെ വർഗസമരങ്ങളെ മർദ്ദിത രാഷ്ട്രങ്ങളിലെ തൊഴിലാളികളുടെ വർഗ സമരങ്ങളുമായി സംയോജിപ്പിക്കുക എന്ന കടമയും" തൊഴിലാളിവർഗ പാർടി അഭിമുഖീകരിച്ചിരുന്നു. കോളനികളിലും അർധകോളനികളിലും ദേശീയമോചനത്തിനു വേണ്ടിയുള്ള ഈ രാജ്യങ്ങളിലെ ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനങ്ങളിലെ വിപ്ലവകാരികളായ വിഭാഗങ്ങൾക്കും ഉറച്ചു പിന്തുണ നൽകാനും അവരുടെ സമരങ്ങളെ സഹായിക്കാനും കൂടി ഇവിടത്തെ തൊഴിലാളിവർഗത്തോട് നിർദ്ദേശിച്ചിരിക്കുന്നു. ഇന്നത്തെ ഇന്ത്യൻ യൂണിയൻെറ സ്ഥിതിയിൽ ഈ മുദ്രാവാക്യം രാഷ്ട്രീയ സ്വാതന്ത്ര്യ പ്രാപ്തിക്കു മുമ്പുണ്ടായിരുന്നതുപോലെ സാമ്രാജ്യത്വത്തിനെതിരായോ ഏതെങ്കിലും ഒരു പ്രത്യേക മർദ്ദക രാഷ്ട്രത്തിനെത്തിരായോ (ഈ രീതിയിൽ അത്തരം മർദ്ദക രാഷ്ട്രങ്ങളുടെ അഭാവം കാരണം) അല്ല തിരിച്ചിരിക്കുന്നത്.

12. വർഗപീഡനവും ദേശീയ പീഡനവും നിർത്തലാക്കിയിട്ടുള്ള 1935ലെ സോവിയറ്റ് ഭരണഘടനയിൽ ഈ മുദ്രാവാക്യം പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇത് പ്രതിഷ്ഠിച്ചിട്ടുള്ളത് സോവിയറ്റ് സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ ഈ മഹത്തായ തത്വത്തിൻെറ വിജയം ഉദ്ഘോഷിക്കാനാണ്; ഇത് ചേർത്തിട്ടുള്ളത് റഷ്യക്കാരല്ലാത്ത ദേശീയ ജനതകൾക്കും വിട്ടുപോകലും പ്രത്യേക ഭരണകൂടം സ്ഥാപിക്കലുമടക്കം പൂർണമായ തുല്യത ഉറപ്പുവരുത്താനുമാണ്. രാഷ്ട്രങ്ങൾക്കും രാജ്യങ്ങൾക്കും പിരിഞ്ഞുപോകാനും അവരുടെ സ്വന്തംഭരണകൂടങ്ങൾ സ്ഥാപിക്കാനുമുള്ള അവകാശം നിഷേധിച്ചുകൊണ്ട് അവയെ ബലംപ്രയോഗിച്ച് കീഴിൽ നിലനിർത്തുന്ന സാമ്രാജ്യത്വ രാജ്യങ്ങളുമായുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കാനുദ്ദേശിച്ചു കൊണ്ടുള്ളതും കൂടിയായിരുന്നു ഇത്. അനേകം ദേശീയ ജനതകൾ നിലവിലുള്ള മറ്റു ധാരാളം സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തങ്ങളുടെ പരിപാടികളിൽ രാഷ്ട്രങ്ങളുടെ സ്വയംനിർണയാവകാശമെന്ന മുദ്രാവാക്യം ചേർത്തിട്ടില്ല എന്ന കാര്യം കൂടി ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പരിപാടിയിൽ ഈ മുദ്രാവാക്യം കൂട്ടിച്ചേർക്കുന്നതിന് നമ്മെ ബാധ്യസ്ഥരാക്കുന്ന ഒഴിവാക്കാൻ വയ്യാത്ത യാതൊരു കാരണവുമില്ല. വൻകിട ബൂർഷ്വാ- ജന്മി ഗവർമെണ്ട് ഒരു വശത്തും വ്യത്യസ്ത സംസ്ഥാനങ്ങളിലെ ധാരാളം സങ്കുചിതദേശീയവാദികളും ജിങ്കോയിസ്റ്റു ശക്തിക

ളും മറുവശത്തും വിഭാഗീയശക്തികളെയും ശിഥിലീകരണ ശക്തികളെയും പോറ്റി വളർത്തിക്കൊണ്ട് തൊഴിലാളിവർഗ പാർടിയുടെ മുന്നിലേക്ക് ഇത്തരം ചിന്താഗതികൾക്കെതിരെ സമരം നടത്തുക എന്ന അതിപ്രധാനമായ കടമ തള്ളിനിർത്തുകയും ചെയ്യുമ്പോൾ നമുക്ക് ഇന്ത്യൻ സംസ്ഥാനങ്ങളെ മർദ്ദകർ, മർദിതർ എന്നൊക്കെ വിഭജനം നടത്താൻ സാധ്യവുമല്ല.

13. സ്വയംനിർണയാവകാശത്തിൻെറയും പിരിഞ്ഞുപോകാനുള്ള അവകാശത്തിൻെറയും പ്രശ്നത്തിൽ തൊഴിലാളിവർഗത്തിന് മറ്റൊരു ലെനിനിസ്റ്റ് മാർഗരേഖകൂടിയുണ്ട്. 1905ൽ നോർവെ സ്വീഡനിൽ നിന്ന് പിരിഞ്ഞു പോയപ്പോൾ നോർവെയുടെയും സ്വീഡൻെറയും ഉദാഹരണം എടുത്തുകൊണ്ട് ലെനിൻ ഊന്നിപ്പറഞ്ഞിട്ടുണ്ട്. "നോർവീജിയൻ കർഷക ജനാധിപത്യത്തെ- അതിൻെറ എല്ലാ ഫിലിസ്റ്റൈൻ (സംസ്കാര ശൂന്യ) പരാധീനതകളോടും കൂടെത്തന്നെ- സഹായിക്കുക എന്നത് നോർവീജിയൻ തൊഴിലാളിവർഗത്തെ സംബന്ധിച്ചിടത്തോളം ശരിയാണ്. അതേ അവസരത്തിൽ സ്വീഡിഷ് തൊഴിലാളിവർഗത്തെ സംബന്ധിച്ചിടത്തോളം സ്വീഡിഷ് ബൂർഷ്വാസിയേയും ജന്മികളേയും എല്ലാ ശക്തിയുമുപയോഗിച്ച് എതിർത്തില്ലായിരുന്നെങ്കിൽ നോർവെയുടെ സ്വാതന്ത്ര്യം, പിരിഞ്ഞുപോകൽ എന്നീ ആവശ്യങ്ങൾക്ക് പിന്തുണ നൽകാതിരുന്നുവെങ്കിൽ അതു സോഷ്യലിസത്തിൻെറയും ജനാധിപത്യത്തിൻെറയും ലക്ഷ്യങ്ങളെ വഞ്ചിക്കലാകുമായിരുന്നു" ഇത്തരത്തിലായിരുന്നു ഒരൊറ്റ രാഷ്ട്രത്തിലെ വ്യത്യസ്ത ദേശീയജനതകളിലെ തൊഴിലാളിവർഗത്തിൻെറ കടമകളെ സംബന്ധിച്ചുള്ള മാർക്സിസ്റ്റ് കാഴ്ചപ്പാട്. എന്നാൽ മർദ്ദിത നോർവീജിയൻ രാഷ്ട്രത്തിൻെറയും മർദ്ദക സ്വീഡിഷ് രാഷ്ട്രത്തിൻെറയും അവിടുത്തെ ബൂർഷ്വാ- ജന്മി പ്രമാണിവർഗത്തിൻെറയും അതിർവരമ്പുകളുടെ വ്യക്തമായ അടിസ്ഥാനത്തിൽ മാത്രമേ അതതു തൊഴിലാളിവർഗ വിഭാഗങ്ങളുടെ നിലപാട് നിർണയിക്കാൻ പറ്റുള്ളു. നമ്മുടെ സ്ഥിതിയിൽ പാർടി പരിപാടി, ഇന്ത്യയിലെ മുഴുവൻ തൊഴിലാളിവർഗത്തിനും വേണ്ടിയുള്ള അവരുടെ ഭാഷാപരവും ദേശീയവുമായ അസ്തിത്വം എന്തുതന്നെയായാലും, പരിപാടിയായതിനാൽ ഏതാണ് മർദ്ദക രാഷ്ട്രമെന്നും ഏതൊക്കെയാണ് മർദ്ദിത രാഷ്ട്രമെന്നും വേർതിരിച്ചു കാണിക്കാൻ നമുക്ക് കഴിയില്ല, സ്വയംനിർണയത്തിനും വിട്ടുപോകലിനുമുള്ള അവകാശത്തിനുവേണ്ടയുള്ള ആവശ്യം കൂട്ടിച്ചേർക്കുന്നതോടെ ഇന്ത്യൻ തൊഴിലാളിവർഗത്തിൻെറ വ്യത്യസ്ത ഭാഷാവിഭാഗങ്ങൾ വിഭാഗീയ സമരങ്ങളെ എതിർക്കുന്നതിനും സംസ്ഥാനങ്ങളുടെ യഥാർഥ സ്വയംഭരണാവകാശത്തിനുവേണ്ടിയും ഏതെങ്കിലും തരത്തിലുള്ള അസമത്വത്തിനെതിരായും യോജിച്ചു സമരം ചെയ്യുന്നതിനുപകരം വിഭാഗീയസമരങ്ങളുടെ കൂടെ പങ്കുചേരുക എന്ന അപകടം കൂടിയുണ്ടാകും.

14. ഹിന്ദി എന്നൊരു ഭാഷയെ ഇന്ത്യൻ യൂണിയൻെറ ആകെ ഔദ്യോഗിക ഭാഷയായി അടിച്ചേൽപിക്കാനുള്ള ബൂർഷ്വാ- ജന്മി ഗവർമെ

J709



ണ്ടിന്റെ ശ്രമങ്ങളെയും ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളും അഹിന്ദി സംസ്ഥാനങ്ങളും തമ്മിൽ ഇത്തരം നീക്കങ്ങൾ ഉളവാക്കുന്ന അസമത്വങ്ങളേയും നമ്മുടെ പാർടി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. അതുകൊണ്ട് നമ്മുടെ പാർടി ഇതിനെ എതിർക്കുകയും എല്ലാ ഭാഷകളുടെയും തുല്യപദവിക്കുവേണ്ടി വാദിക്കുകയും ചെയ്യുന്നു.

15. അതേപോലെ ആദിവാസികൾ വളരെ പ്രത്യേകിച്ച് ചെറിയ അതിർത്തിപ്രദേശ ദേശീയ ജനതകൾ പലതരത്തിലും തികഞ്ഞ വർഗമർദനം മാത്രമല്ല, പുരോഗതി പ്രാപിച്ച മറ്റു ദേശീയ ജനതകളുടെ കൈകളാൽ ഒരു തലത്തിലുള്ള "ദേശീയ" മർദ്ദനവും അനുഭവിക്കുന്നുണ്ട്. അവരുടെ സാമൂഹ്യമോചനവും അതോടൊപ്പം എല്ലാ തരത്തിലുമുള്ള ദേശീയ അസമത്വത്തിനുമെതിരായുള്ള അവരുടെ സമരത്തിന്റെ വിജയവും നിലകൊള്ളുന്നത് ഇന്ത്യൻ തൊഴിലാളിവർഗത്തിന്റെ ഐക്യത്തിലും യോജിച്ച സമരത്തിലുമാണ്; വേറിട്ടുപോകലിനുവേണ്ടി ആവശ്യമുന്നയിക്കുന്നതിലോ വേറിട്ടു പോകുന്നതിലോ അല്ല.

★

# വർഗ്ഗസമരവും ദേശീയ ഐക്യത്തിൻെറ പ്രശ്നങ്ങളും

320-954
VAR

കമ്യൂണിസ്റ്റ്പാർട്ടി ഓഫ് ഇന്ത്യ
(മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 2.50 രൂപ

Indic Digital Archive Foundation
gpura.org